20
2025
മേയ്
ചൊവ്വ
ഇടവം 5

NAUTICAL TIMES
KERALA
The National Daily in Malayalam / English
# നോട്ടിക്കൽ ടൈംസ് കേരള
e-mail: nauticaltimeskerala@gmail.com
RNI.Reg.No.KERBIL/2018/77391




തിരുവനന്തപുരം Thiruvananthapuram web: www. nauticaltimesmedia.com Volume-6, Issue No.143 Page 4, Price: Rs. 2 പുസ്തകം-6 ലക്കം-143 പേജ് 4. വില 2.00 രൂപ

02 ഒരു നവകേരളം പടുത്തുയർത്തുകയാണ് ലക്ഷ്യം

03 സോഫിയ ഖുറേഷിക്കെതിരായ വിദ്വേഷപരാമർശം: ഖേദപ്രകടനം സ്വീകാര്യമല്ലെന്ന് സുപ്രീം കോടതി

04 ജൂനിയർ അഭിഭാഷകയെ മർദിച്ച കേസ്; അഡ്വ. ബെയ്‌ലിൻ ദാസിന് ജാമ്യം

# മുതലപ്പൊഴി: മണൽനീക്കൽ ഈ മാസം പൂർത്തീകരിക്കും



തിരുവനന്തപുരം : മുതലപ്പൊഴിയിലും ചാനലിലും അടിഞ്ഞുകൂടിയ മണൽ നീക്കൽ ഈ മാസം പൂർത്തീകരിക്കുമെന്ന് ന്യൂനപക്ഷ കമീഷനെ കലക്ടർ അറിയിച്ചു. ഡ്രഡ്ജർ ഉപയോഗിച്ചുള്ള മണൽ നീക്കൽ തുടരുകയാണ്. മുതലപ്പൊഴി അപകട പരമ്പരയെ തുടർന്ന് കമീഷൻ സ്വമേധയാ എടുത്ത കേസിലാണ് കാര്യങ്ങൾ വിശദീകരിച്ചത്. അഴിമുഖം സഞ്ചാരയോഗ്യമല്ലാത്തവിധം മണൽ മൂടി കിടക്കുന്നതിനാൽ കോസ്റ്റൽ പൊലീസിന്റെ ഇൻട്രാസെപ്റ്റർ ബോട്ടുകൾക്കും എൻഫോഴ്സ്മെന്റ് ബോട്ടുകൾക്കും കടലിൽ പട്രോളിങ് നടത്തുന്നതിനും രക്ഷാപ്രവർത്തനം നടത്തുന്നതിനും പോകാൻ പറ്റാത്ത അവസ്ഥയിലാണെന്ന് തീരദേശ പൊലീസ് അറിയിച്ചു. വിഷയത്തിൽ അടിയന്തര പരിഹാരം കാണാൻ കലക്ടർക്ക് കമീഷൻ നിർദേശം നൽകി. ന്യൂനപക്ഷ വിഭാഗത്തിൽപ്പെട്ട വിദ്യാർഥികൾക്ക് പ്രവേശനം നിഷേധിച്ചതുമായി ബന്ധപ്പെട്ട് വട്ടിയൂർക്കാവ് ഭാരതീയ വിദ്യാഭവൻ സ്കൂൾ അധികൃതർക്കെതിരായ പരാതി സംസ്ഥാന ബാലാവകാശ കമീഷന് കൈമാറാൻ ഉത്തരവായി. വികലാംഗ കോർപറേഷനിൽ നിന്നെടുത്ത വായ്പാ തിരിച്ചടവിനെ സംബന്ധിച്ച് മണക്കാട് സ്വദേശിനി നൽകിയ പരാതിയും സിറ്റിങ്ങിൽ പരിഗണിച്ചു. കമീഷൻ ചെയർമാൻ എ എ റഷീദിന്റെ നേതൃത്വത്തിലാണ് ഹർജികൾ പരിഗണിച്ചത്. കരാർ കാലാവധി കഴിഞ്ഞതിനാൽ മിനി ഡ്രഡ്ജർ ചേറ്റുവയിലേക്ക് തിരികെ എത്തിക്കേണ്ടതും അഴീക്കൽ ഹാർബറിൽ നിന്നെത്തിച്ച മാരിടൈം ബോർഡിന്റെ ചന്ദ്രഗിരി ഡ്രഡ്ജറിന് ഇടയ്ക്കിടെയുണ്ടാകുന്ന സാങ്കേതിക തകരാറുകളുമാണ് മണൽ നീക്കത്തിന് പ്രതിസന്ധിയാകുന്നത്.



# ആറു വരി ദേശീയപാത ഇടിഞ്ഞ് സർവീസ് റോഡിലേക്ക് വീണു; 3 കാറുകൾ തകർന്നു

മലപ്പുറം: നിർമാണം നടന്നുകൊണ്ടിരുന്ന ദേശീയ പാത 66ലെ ആറുവരിപ്പാത ഇടിഞ്ഞുവീണു. കോഴിക്കോട് തൃശ്ശൂർ ദേശീയ പാതയിൽ കൂരിയാടിനും കൊളപ്പുറത്തിനും ഇടയിലാണ് അപകടം. കൂരിയാട് സർവീസ് സ്റ്റേഷന് സമീപം ദേശീയപാതയുടെ ഒരുഭാഗം സർവീസ് റോഡിലേക്ക് ഇടിഞ്ഞുവീഴുകയായിരുന്നു.

സർവീസ് റോഡിലൂടെ യാത്ര ചെയ്തിരുന്ന കാറിന് മുകളിലേക്കാണ് ആറുവരിപ്പാതയുടെ സംരക്ഷണ ഭിത്തി ഇടിഞ്ഞുവീണത്. മൂന്ന് കാറുകളാണ് അപകടത്തിൽ പെട്ടത്. സംഭവത്തിൽ ഇതുവരെ ആളപായം റിപ്പോർട്ട് ചെയ്തിട്ടില്ല.

കൊളപ്പുറം കക്കാട് വഴി കോഴിക്കോട് നിന്നും തൃശ്ശൂർ ഭാഗത്തേക്കുള്ള ഗതാഗതം പൂർണമായും തടസ്സപ്പെട്ടു. വാഹനങ്ങൾ വികെ പടിയിൽനിന്നും മമ്പുറം വഴി കക്കാട് വഴി പോകേണ്ടതാണെന്ന് അധികൃതർ അറിയിച്ചു.

# സുവർണക്ഷേത്രം ആക്രമിക്കാനും പാക് ശ്രമം; പരാജയപ്പെടുത്തി ഇന്ത്യൻ സൈന്യം

ന്യൂഡൽഹി: പഹൽഗാം ഭീകരാക്രണത്തിന് ഇന്ത്യ തിരിച്ചടി നൽകിയതിന് പിന്നാലെ പാക് സൈന്യം അമൃത്സറിലെ സുവർണ ക്ഷേത്രവും ആക്രമിക്കാൻ ശ്രമിച്ചെന്ന് സ്ഥിരീകരിച്ച് സൈന്യം. ഇന്ത്യയുടെ ശക്തമായ പ്രതിരോധ സംവിധാനം പാക്കിസ്ഥാൻ അയച്ച ഡ്രോണുകളും മിസൈലുകളും തകർത്തെന്ന് കരസേന മേജർ ജനറൽ കാർത്തിക് സി. ശേഷാദ്രി പറഞ്ഞു. മേയ് എട്ടിന് പുലർച്ചെയായിരുന്നു സംഭവം. ഇരുട്ടിന്റെ മറവിൽ പാക്കിസ്ഥാൻ ദീർഘദൂര മിസൈലുകളും ഡ്രോണുകളും ക്ഷേത്രം ലക്ഷ്യമാക്കി തൊടുത്തു. എന്നാൽ, ഇന്ത്യൻ സൈന്യം അവയെല്ലാം ഫലപ്രദമായി പ്രതിരോധിച്ചെന്ന് അദ്ദേഹം അറിയിച്ചു. പാക്കിസ്ഥാന് നിയമപരമോ നീതിപൂർവമോ ആയ ലക്ഷ്യങ്ങളൊന്നുമുണ്ടായിരുന്നില്ല. ഇന്ത്യയിലെ സൈനിക കേന്ദ്രങ്ങൾ, സിവിലിയൻ, മത കേന്ദ്രങ്ങൾ തുടങ്ങിയവ ആക്രമിക്കുമെന്ന് തങ്ങൾ മുൻകൂട്ടിക്കണ്ടു. അതിൽ ഏറ്റവും പ്രധാനമായിരുന്നു സുവർണക്ഷേത്രം. ക്ഷേത്രം സംരക്ഷിക്കുന്നതിനായി പ്രതിരോധ സംവിധാനങ്ങൾ ഉപയോഗിച്ച് ഒരു വ്യോമ കവചം തീർത്തിരുന്നെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. പാക് ആക്രമണങ്ങളെ എങ്ങനെയാണ് പ്രതിരോധിച്ചതെന്ന് വ്യക്തമാക്കുന്ന ദൃശ്യങ്ങളും സൈന്യം പുറത്തുവിട്ടു.

## പ്ലസ് ടു പരീക്ഷ ഫലം മെയ് 22ന് പ്രഖ്യാപിക്കും

തിരുവനന്തപുരം: സംസ്ഥാനത്തെ പ്ലസ് ടു പരീക്ഷ ഫലം മെയ് 22ന് പ്രഖ്യാപിക്കും. വ്യാഴാഴ്ച ഉച്ചക്ക് ശേഷം മൂന്നിന് വിദ്യാഭ്യാസ വകുപ്പ് മന്ത്രി വി. ശിവൻകുട്ടിയാണ് ഫലം പ്രഖ്യാപിക്കുക.

ഹയർ സെക്കണ്ടറി പരീക്ഷയുടെ മൂല്യനിർണ്ണയം പൂർത്തിയായതായി മന്ത്രി വി ശിവൻകുട്ടി അറിയിച്ചു. 4,44,707 വിദ്യാർത്ഥികളാണ് രണ്ടാം വർഷ പരീക്ഷയ്ക്ക് രജിസ്റ്റർ ചെയ്തത്.

413581 വിദ്യാർഥികളാണ് ഒന്നാം വർഷ പരീക്ഷയ്ക്ക് രജിസ്റ്റർ ചെയ്തത്. ടാബുലേഷൻ പ്രവൃത്തികൾ പൂർത്തിയാക്കി ഒന്നാം വർഷ പരീക്ഷാ ഫലം ജൂൺ മാസം പ്രസിദ്ധീകരിക്കുന്നതാണെന്നും മന്ത്രി അറിയിച്ചു.

# താത്ക്കാലിക വിസി നിയമനം തെറ്റെന്ന് ഹൈക്കോടതി

കൊച്ചി: കേരള സാങ്കേതിക, ഡിജിറ്റൽ സർവകലാശാലകളിലെ താൽക്കാലിക വിസി നിയമനത്തിൽ ഗവർണർക്ക് തിരിച്ചടി. താത്ക്കാലിക നിയമനങ്ങളിൽ സർക്കാർ നൽകുന്ന ലിസ്റ്റിൽനിന്ന് മാത്രമേ നിയമനങ്ങൾ നടത്താൻ പാടുള്ളൂ എന്ന് ഹൈക്കോടതി വ്യക്തമാക്കി.

വിസി നിയമന കാലാവധി ചൊവ്വാഴ്ച തീരുന്നതിനാൽ നിയമനത്തിൽ തത്ക്കാലം ഇടപെടുന്നില്ലെന്നും കോടതി പറഞ്ഞു. താൽക്കാലിക വിസിമാരെ നിയമിച്ച ചാൻസിലറുടെ നടപടി റദ്ദാക്കണമെന്ന് ആവശ്യപ്പെട്ട് സർക്കാർ നൽകിയ ഹരജിയിലാണ് ഹൈക്കോടതി സിംഗിൾബെഞ്ചിന്റെ ഉത്തരവ്.

2024 നവംബറിലാണ് അന്നത്തെ ഗവർണറായിരുന്ന ആരിഫ് മുഹമ്മദ് ഖാൻ സാങ്കേതിക സർവകലാശാലയിലേക്ക് ഡോ. കെ. ശിവപ്രസാദിനെയും ഡിജിറ്റൽ സർവകലാശാലയിലേക്ക് ഡോ. സിസ തോമസിനെയും വിസി ആയി നിയമിച്ചത്. സർക്കാർ നൽകിയ പാനലിന് പുറത്തുനിന്നായിരുന്നു ചാൻസലറുടെ താൽക്കാലിക വിസി നിയമനം.

ഇത് ചോദ്യം ചെയ്താണ് സർക്കാർ കോടതിയെ സമീപിച്ചത്. ഇത് സർവകലാശാല നിയമങ്ങളുടെ ലംഘനമാണ് എന്നാണ് സർക്കാർ കോടതിയിൽ ചൂണ്ടിക്കാട്ടിയത്.

# ഹൈദരാബാദിൽ സ്ഫോടനശ്രമം തകർത്തു; രണ്ട് ഭീകരർ അറസ്റ്റിൽ

ഹൈദരാബാദ്: ഹൈദരാബാദിൽ വൻ സ്ഫോടനശ്രമം തകർത്തു. നഗരത്തിൽ സ്ഫോടനം നടത്താൻ പദ്ധതിയിട്ടിരുന്ന രണ്ട് പേരെ പോലീസ് അറസ്റ്റ് ചെയ്തു. സിറാജ് ഉർ റഹ്മാൻ(29) സയ്യിദ് സമീർ(28) എന്നിവരാണ് ഞായറാഴ്ച പിടിയിലായത്.

ഇവർക്ക് ഐഎസുമായി ബന്ധമുണ്ടെന്നാണ് പോലീസ് സംശയിക്കുന്നത്. ആന്ധ്രാ പ്രദേശ്, തെലുങ്കാന പോലീസ് കൗണ്ടർ ഇൻറലിജൻസ് സെൽ നടത്തിയ സംയുക്ത പരിശോധനയിൽ ആദ്യം സിറാജ് ഉർ റഹ്മാനാണ് പിടിയിലായത്.

ഇയാളെ ചോദ്യം ചെയ്തപ്പോഴാണ് ഹൈദരാബാദിൽ സ്ഫോടനം നടത്താനുള്ള ഗൂഢാലോചന പുറത്തുവന്നത്. തുടർന്ന് ഹൈദരാബാദിൽ നിന്ന് സയിദ് സമീർ അറസ്റ്റിലായി.

സ്ഫോടക വസ്തുക്കളായ അമോണിയ, സൾഫർ, അലുമിനിയം പൗഡർ എന്നിവയും ഇവരിൽ നിന്ന് പോലീസ് കണ്ടെടുത്തു. യുവാക്കൾ കസ്റ്റഡിയിലാണെന്നും വൈകാതെ കോടതിയിൽ ഹാജരാക്കുമെന്നും പോലീസ് വ്യക്തമാക്കി.

## ഇലത്താള കലാകാരൻ കീനൂർ മണികണ്ഠൻ വാഹനാപകടത്തിൽ മരിച്ചു

തൃശൂർ: പ്രശസ്ത ഇലത്താള കലാകാരൻ കീനൂർ മണികണ്ഠൻ(41) വാഹനാപകടത്തിൽ മരിച്ചു. തൃശൂർ പൂരത്തിൽ തിരുവമ്പാടി വിഭാഗത്തിന്റെ ഭാഗമായിരുന്ന കലാകാരനാണ്. ഞായറാഴ്ച രാത്രി കല്ലൂർ പാടം വഴിയിലാണ് അപകടം. സ്കൂട്ടർ മറിഞ്ഞ് റോഡരികിൽ ചലനമറ്റ നിലയിൽ കണ്ടെത്തുകയായിരുന്നു. നായരങ്ങാടി സ്വദേശിയാണ് മണികണ്ഠൻ. ഏഷ്യാഡ് ശശിമാരാരുടെ ശിഷ്യനായിരുന്നു.

# കോഴിക്കോട്ടെ തീപിടിത്തം; ചീഫ് സെക്രട്ടറി റിപ്പോർട്ട് തേടി

കോഴിക്കോട്: പുതിയ ബസ്സ്റ്റാൻഡിനു സമീപത്തെ തീപിടിത്തത്തെക്കുറിച്ച് അന്വേഷിച്ച് റിപ്പോർട്ട് സമർപ്പിക്കാൻ ജില്ലാ കളക്ടർക്ക് ചീഫ് സെക്രട്ടറി നിർദേശം നൽകി. മുഖ്യമന്ത്രി പിണറായി വിജയന്റെ നിർദേശ പ്രകാരമാണ് അന്വേഷണം.

രണ്ട് ദിവസത്തിനുള്ളിൽ അന്വേഷിച്ച് റിപ്പോർട്ട് നൽകാനാണ് ജില്ലാ കളക്ടർക്ക് ചീഫ് സെക്രട്ടറി നൽകിയ നിർദേശം. ഞായറാഴ്ച വൈകുന്നേരം അഞ്ചിനാണ് പുതിയ ബസ്സ്റ്റാൻഡിനു സമീപത്തെ വസ്ത്ര വ്യാപാരശാലയിൽ തീപിടിത്തമുണ്ടായത്. തീയണയ്ക്കാനുള്ള ശ്രമം ഇപ്പോഴും തുടരുകയാണ്. ടെക്സ്റ്റൈൽസ് ഗോഡൗൺ പൂർണമായും കത്തി നശിച്ചു. കൂടുതൽ ഇടങ്ങളിലേക്ക് തീ പടരുന്നത് തടയാനുള്ള ശ്രമമാണ് ഇപ്പോൾ നടത്തുന്നത്.

# പേരൂർക്കട പോലീസ് അതിക്രമം; എസ്ഐക്ക് സസ്പെൻഷൻ

തിരുവനന്തപുരം: ദളിത് യുവതിയെ മോഷണക്കുറ്റം ചുമത്തി മാനസികമായി പീഡിപ്പിച്ചെന്ന പരാതിയിൽ എസ്ഐക്ക് സസ്പെൻഷൻ. പേരൂർക്കട എസ്ഐ പ്രസാദിനെയാണ് തിരുവനന്തപുരം സിറ്റി പോലീസ് കമ്മീഷണർ സസ്പെൻഡ് ചെയ്തത്. സംഭവത്തിൽ സ്പെഷൽ ബ്രാഞ്ച് നൽകിയ അന്വേഷണ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് നടപടി. വിശദമായ അന്വേഷണറിപ്പോർട്ട് കൻറോൺമെൻറ് അസി. കമ്മീഷർ ഇന്ന് സമർപ്പിക്കും. ഇതിന് ശേഷം തുടർനടപടിയുണ്ടാകുമെന്നും കമ്മീഷണർ അറിയിച്ചു.

പനവൂർ ഇരുമരം സ്വദേശിനി ബിന്ദുവാണ് പരാതി ഉന്നയിച്ചത്. മോഷണക്കുറ്റം ആരോപിച്ച് പോലീസ് സ്റ്റേഷനിലെത്തിച്ച ബിന്ദുവിനെ 20 മണിക്കൂറോളം പോലീസ് മാനസികമായി പീഡിപ്പിച്ചെന്നായിരുന്നു പരാതി. കഴിഞ്ഞ ചൊവ്വാഴ്ച വൈകുന്നേരം മൂന്നിന് പേരൂർക്കട പോലീസ് ചോദ്യംചെയ്യാനായി വിളിപ്പിച്ച ബിന്ദുവിനെ വിട്ടയച്ചത് ബുധനാഴ്ച ഉച്ചയ്ക്ക് 12നാണ്.

യുവതി ജോലിക്കുനിന്ന വീട്ടിൽനിന്നു മാല മോഷണംപോയെന്ന പരാതിയിലാണ് ബിന്ദുവിനെ സ്റ്റേഷനിൽ വിളിച്ചുവരുത്തിയത്. പോലീസിനോടു നിരപരാധിയാണെന്നു കരഞ്ഞുപറഞ്ഞിട്ടും വിട്ടയച്ചില്ല.

രാത്രി വൈകി പനവൂരിലെ വീട്ടിലെത്തിച്ച് മാലയ്ക്കായി പോലീസ് പരിശോധനയും നടത്തി. തിരിച്ച് വീണ്ടും പേരൂർക്കട സ്റ്റേഷനിലെത്തിച്ചു. കുടിക്കാൻ വെള്ളംപോലും നൽകിയില്ലെന്നും ആരോപിച്ചിരുന്നു.

എന്നാൽ, ആ വീട്ടിൽനിന്നുതന്നെ നഷ്ടപ്പെട്ടെന്നു കരുതിയ മാല കണ്ടെത്തിയിരുന്നു. ഉടമസ്ഥതന്നെ പിറ്റേന്ന് പോലീസ് സ്റ്റേഷനിൽ എത്തി മാല കിട്ടിയെന്നറിയിച്ചു. ഇതേത്തുടർന്നാണ് ബിന്ദുവിനെ കുറ്റവിമുക്തയാക്കാൻ പോലീസ് തയാറായത്.



# ഒരു നവകേരളം പടുത്തുയർത്തുകയാണ് ലക്ഷ്യം



പിണറായി വിജയൻ
മുഖ്യമന്ത്രി

കേരളം വളർച്ചയുടെ പടവുകളിലൂടെ അതിവേഗം കുതിക്കുകയാണ്. നാടിന്റെ സമസ്തമേഖലകളേയും പുരോഗതിയിലേയ്ക്ക് കൈപിടിച്ചുയർത്തുകയാണ് സംസ്ഥാന സർക്കാർ. ഒരു നവകേരളം പടുത്തുയർത്തുക എന്നതാണ് നമ്മുടെ ലക്ഷ്യം. സമകാലിക പ്രതിസന്ധികളെ മറികടക്കുക എന്നതിനൊപ്പം കേരളത്തിന്റെ ഭാവിയെന്തായിരിക്കണമെന്ന ഉറച്ച കാഴ്ചപ്പാടുകളും അവ സാക്ഷാൽക്കരിക്കാനുള്ള ദീർഘദൃഷ്ടിയോടെയുള്ള പ്രവർത്തനങ്ങളുമാണ് ഈ നവകേരള നിർമ്മിതിയെ സവിശേഷമാക്കുന്നത്. കേരളത്തിന്റെ ഭാവിതലമുറയെ കൂടി കണ്ടുകൊണ്ടാണ് സർക്കാർ നയങ്ങളും കർമ്മ പദ്ധതികളും ആവിഷ്കരിക്കുന്നത്. സമത്വവും സാഹോദര്യവും പുലരുന്ന ഒരു വികസിത സമൂഹമായിരിക്കും നവകേരളം.

ക്രമസമാധാന രംഗത്തെ ഭദ്രത, സാമൂഹിക രംഗത്തെ സാഹോദര്യം, പൊതുജീവിത രംഗത്തെ സുരക്ഷിതത്വം, ഹ്രസ്വകാലാടിസ്ഥാനത്തിലുള്ള സമഗ്ര ക്ഷേമ ആശ്വാസ നടപടികൾ, ദീർഘകാലാടിസ്ഥാനത്തിലുള്ള വികസന പദ്ധതികൾ എന്നിവയൊക്കെ ഭരണത്തിന്റെ മുഖമുദ്രകളായി. കർഷകത്തൊഴിലാളികൾ അടക്കമുള്ള അടിസ്ഥാന വിഭാഗത്തെ മുതൽ വരും കാലത്തെ രൂപപ്പെടുത്തുന്ന ന്യൂജെൻ പ്രതിഭാശാലികളെ വരെ കരുതുന്നതും ദേശീയ തലത്തിൽ വേറിട്ട തലയെടുപ്പോടെ നിൽക്കുന്നതുമായ ഒരു ഭരണ സംസ്കാരം നാം രൂപപ്പെടുത്തി. പരിമിതികളെ, അവഗണനകളെ, പ്രതിസന്ധികളെ വെല്ലുവിളികളായി കണ്ട് അതിജീവിച്ച ഒരു ഭരണസംസ്കാരം!

2021 മെയ് മാസത്തിൽ അധികാരത്തിൽ വന്ന ഈ എൽ ഡി എഫ് സർക്കാർ ഏറെ ചാരിതാർഥ്യത്തോടെയാണ് അഞ്ചാം വർഷത്തിലേക്ക് കടക്കുന്നത്. 2016 ൽ അധികാരത്തിൽ വന്ന ഗവൺമെന്റിന്റെ തുടർച്ചയാണ് ഈ സർക്കാരും. അതിനാൽ ഒരർഥത്തിൽ ഇത് ഒൻപതാം വാർഷികമായി മാറുകയാണ്.

അഴിമതിയും കെടുകാര്യസ്ഥതയും കാരണം കേരളത്തിന്റെ വികസനവും ജനക്ഷേമവും പ്രതിസന്ധികൾക്കു മുന്നിൽ വിറങ്ങലിച്ചു നിന്ന ഘട്ടത്തിലാണ് 2016-ൽ ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാർ അധികാരം ഏറ്റെടുക്കുന്നത്. വെല്ലുവിളികൾ നിരവധിയായിരുന്നു. തൊഴിൽ നിയമന മരവിപ്പ്, പൊതുമേഖലയുടെ തകർച്ച, അടച്ചുപൂട്ടുന്ന പൊതുവിദ്യാലയങ്ങൾ, കാർഷിക വ്യാവസായിക രംഗങ്ങളിലെ മുരടിപ്പ്, വ്യവസായ നിക്ഷേപങ്ങൾ ഇല്ലാത്ത സ്ഥിതി, അതിഗുരുതരമായ സാമ്പത്തിക തകർച്ച, മൂലധനച്ചെലവിനു പോലും ഫണ്ടില്ലാത്ത തരത്തിലുള്ള വികസനമരവിപ്പ്, തുടങ്ങി അസംഖ്യം പ്രശ്നങ്ങളായിരുന്നു അന്ന് നമ്മുടെ മുന്നിൽ ഉണ്ടായിരുന്നത്.

തകർന്ന റോഡുകളും, അഴിമതി പാലങ്ങളും, വെറും തൂണുകൾ മാത്രമായിരുന്ന കൊച്ചി മെട്രോയും, വേലി പോലും കെട്ടിതിരിക്കാത്ത മൺപാതയിലേയ്ക്ക് യുദ്ധവിമാനം കഷ്ടിച്ചിറക്കി ഉദ്ഘാടനം ചെയ്ത വിമാനത്താവളവും മണിക്കൂറുകളോളം നീളുന്ന ലോഡ്ഷെഡിങ്ങും പവർകട്ടും ഇവിടെ ഒന്നും നടക്കില്ലെന്ന് പറഞ്ഞു കേരളം വിട്ട ദേശീയ ഹൈവേ അതോറിറ്റിയും പരാതികൾ തീരാത്ത സർക്കാർ ആശുപത്രികളും ആയിരുന്നു അന്ന് എൽ ഡി എഫ് സർക്കാരിനെ വരവേറ്റത്. നാടിന്റെ വികസനക്കുതിപ്പിന് അനിവാര്യമായ പദ്ധതികളെല്ലാം അസാധ്യമെന്ന് കരുതി എഴുതിത്തള്ളിയിരുന്ന യുഡിഎഫ് സർക്കാരിന്റെ ഭരണ കാലം ഇന്ന് കേരളം ഏറെക്കുറെ മറന്നു പോയിരിക്കുന്നു. ആ നിശ്ചലാവസ്ഥയിൽ നിന്നാണ് ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാർ കേരളത്തെ കൈപിടിച്ചുയർത്തിയത്.

എളുപ്പമായിരുന്നില്ല കാര്യങ്ങൾ. പക്ഷേ കേരളത്തെ തകർച്ചയിൽ നിന്ന് കരകയറ്റി ജനങ്ങളുടെ പ്രതീക്ഷക്കൊത്ത് വികസന വഴിയിൽ നയിക്കണമെന്ന നിശ്ചയദാർഢ്യം എൽഡിഎഫിനും സർക്കാരിനും ഉണ്ടായിരുന്നു. അതിനായി സമഗ്ര കർമ്മ പദ്ധതി അടങ്ങിയ പ്രകടന പത്രികയുമായാണ് മുന്നോട്ട് പോയത്.

കേരളത്തിൽ ഒന്നും നടക്കില്ലെന്ന ധാരണകൾ ഇക്കാലയളവിൽ അപ്രത്യക്ഷമായി. ഈ സർക്കാർ വിചാരിച്ചാൽ ഒന്നും നടക്കില്ലെന്നു വെല്ലുവിളിച്ചവർ നിശ്ശബ്ദരായി. ലോകഭൂപടത്തിൽ കേരളത്തെ അടയാളപ്പെടുത്തുന്ന വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖം യാഥാർത്ഥ്യമാക്കി. പദ്ധതിയുടെ നിർമ്മാണത്തിന്റെ നൂറു ശതമാനവും നടന്നത് കഴിഞ്ഞ എൽ ഡി എഫ് സർക്കാരിന്റെ കാലം മുതലാണ്.

പശ്ചാത്തല സൗകര്യങ്ങളുടെ കാര്യത്തിൽ കണ്ണഞ്ചിപ്പിക്കുന്ന വികസനം എന്ന് പറഞ്ഞാൽ അതിശയോക്തിയല്ല, ഓരോ മനുഷ്യനും മുമ്പിൽ തെളിഞ്ഞു നിൽക്കുന്ന യാഥാർഥ്യമാണ്. യുഡിഎഫ് സർക്കാരിന്റെ കടുത്ത അലംഭാവം കാരണം വഴിമുട്ടി നിന്നിരുന്ന ദേശീയ പാത വികസനവും എൽ ഡി എഫ് സർക്കാരിന്റെ ഇച്ഛാശക്തി ഒന്നുകൊണ്ടു മാത്രമാണ് സാധ്യമായത്. അവരുടെ കാലത്ത് സമയബന്ധിതമായി സ്ഥലം ഏറ്റെടുത്ത് നൽകാത്തതിനാൽ കേരളത്തിൽ ദേശീയപാതാ വികസനം അവസാനിപ്പിക്കുമെന്ന് ദേശീയപാതാ അതോറിറ്റി ആവർത്തിച്ചു വ്യക്തമാക്കി. എന്നിട്ടും ഒന്നും നടക്കാതെ വന്നപ്പോൾ ഓഫീസ് അടച്ച് ദേശീയപാതാ അതോറിറ്റി കേരളം വിടുന്ന അവസ്ഥയാണുണ്ടായത്.

2016-ൽ എൽ ഡി എഫ് സർക്കാർ അധികാരത്തിലെത്തിയപ്പോൾ ഏറ്റവും പ്രധാന ലക്ഷ്യങ്ങളിലൊന്നായി ഹൈവേ വികസനം ഏറ്റെടുത്തു. കേന്ദ്ര സർക്കാരാകട്ടെ മറ്റൊരു സംസ്ഥാനത്തുമില്ലാത്ത നിബന്ധനകൾ നമുക്ക് മേൽ അടിച്ചേൽപ്പിച്ചു. അതിനെ തുടർന്ന് സ്ഥലമേറ്റെടുപ്പിനായുള്ള തുകയുടെ 25 ശതമാനം, അതായത് 6000 കോടിയോളം രൂപ സംസ്ഥാന സർക്കാർ വഹിക്കാൻ തീരുമാനിച്ചു. ആ പ്രതിസന്ധികളെല്ലാം മറികടന്ന്, ജനങ്ങൾക്ക് ന്യായമായ നഷ്ടപരിഹാരവും പുനരധിവാസവും ഉറപ്പുവരുത്തി സ്ഥലമേറ്റെടുക്കാനും കേരളത്തിന്റെ ദീർഘകാല സ്വപ്നമായ ഹൈവേ വികസനം യാഥാർത്ഥ്യമാക്കാനും നമുക്കു സാധിച്ചു.

ഇഴഞ്ഞു നീങ്ങിയ കൊച്ചി മെട്രോ റെയിലും കണ്ണൂർ വിമാനത്താവളവും യുദ്ധകാലടിസ്ഥാനത്തിൽ പൂർത്തിയാക്കി നാടിനു സമ്മാനിച്ചു. അസാധ്യമെന്നു പലരും വെല്ലുവിളിച്ച, യു ഡി എഫ് സർക്കാർ ഉപേക്ഷിച്ച ഗെയിൽ പൈപ്പ് ലൈൻ പദ്ധതി ജനങ്ങളുടെ ആശങ്കകളെല്ലാം ദൂരീകരിച്ച് എൽ ഡി എഫ് സർക്കാർ പൂർത്തീകരിച്ചു. അതുപോലെ കേരളത്തിന്റെ വൈദ്യുതി പ്രസരണ വിതരണ രംഗത്തും കാർഷിക വ്യാവസായിക രംഗത്തും വൻ കുതിച്ചുചാട്ടത്തിനു വഴിയൊരുക്കിയ ഇടമൺ-കൊച്ചി പവർഹൈവേയും ഉപേക്ഷിക്കപ്പെട്ട അവസ്ഥയിൽ നിന്നും വീണ്ടെടുത്ത് സർക്കാർ പൂർത്തീകരിച്ചു. അന്താരാഷ്ട്ര ആയുർവേദ ഗവേഷണ കേന്ദ്രം, കൊച്ചി - ബാംഗ്ളൂർ വ്യവസായ ഇടനാഴി, സിറ്റി ഗ്യാസ് വിതരണ പദ്ധതി, ഐടി കോറിഡോർ, പുതുവൈപ്പിൻ എൽ പി ജി ടെർമിനൽ, കോസ്റ്റൽ ഹൈവേ, വയനാട് തുരങ്കപാത, കെഫോൺ, കൊച്ചി വാട്ടർ മെട്രോ, പശ്ചിമ തീരകനാൽ വികസന പദ്ധതി, തിരുവനന്തപുരം ഔട്ടർ റിംഗ് റോഡ്, ഡിജിറ്റൽ സയൻസ് പാർക്ക്, തുടങ്ങി കേരളത്തിന്റെ മുഖച്ഛായ മാറ്റുന്ന നിരവധി വൻപദ്ധതികൾ പുരോഗമിക്കുകയാണ്.

തീരദേശ ഹൈവേയുടെയും മലയോര ഹൈവേയുടെയും നിർമ്മാണം നല്ല നിലയിൽ പുരോഗമിക്കുകയാണ്. ഇടുക്കി, വയനാട്, കാസർഗോഡ് എന്നിവിടങ്ങളിൽ എയർസ്ട്രിപ്പുകൾ സ്ഥാപിക്കുന്നതിനുള്ള ഡി പി ആർ പ്രവർത്തനങ്ങൾ ആരംഭിച്ചു. ഓരോ എയർസ്ട്രിപ്പിനും 125 കോടി രൂപയാണ് ചെലവ് പ്രതീക്ഷിക്കുന്നത്. പശ്ചാത്തല വികസനമെന്നത് വരുംകാല വികസന മുന്നേറ്റത്തിനുള്ള നിക്ഷേപം കൂടിയാണെന്ന യാഥാർത്ഥ്യം ഉൾക്കൊണ്ടാണ് സർക്കാർ മുന്നോട്ടു പോകുന്നത്.

സമൂഹത്തിലെ ഏറ്റവും പരിഗണന അർഹിക്കുന്ന വിഭാഗങ്ങളുടെ ക്ഷേമവും അവരുടെ ജീവിത മുന്നേറ്റവും അടിയന്തര പ്രാധാന്യത്തോടെയാണ് സർക്കാർ പരിഗണിക്കുന്നത്. ഭവനരഹിതരില്ലാത്ത കേരളം എന്ന സ്വപ്നം യാഥാർത്ഥ്യമാക്കാൻ ആരംഭിച്ച ലൈഫ് മിഷൻ പദ്ധതി പ്രകാരം സർക്കാർ ഇതിനകം 5,79,568 വീടുകൾ അനുവദിക്കുകയും അതിൽ 4,52,156 വീടുകൾ പൂർത്തീകരിക്കുകയും ചെയ്തു. ബാക്കിയുള്ളവ നിർമ്മാണ പുരോഗതിയുടെ വിവിധ ഘട്ടങ്ങളിലാണ്. ലൈഫ് മിഷൻ മുഖേന 1,51,992 പട്ടികജാതി കുടുംബങ്ങൾക്ക് വീട് അനുവദിച്ചു. 45,048 പട്ടിക വർഗ്ഗക്കാർക്കാണ് വീട് അനുവദിച്ചത്. അതായത് ലൈഫ് മിഷൻ മുഖേന ആകെ അനുവദിച്ച വീടുകളിൽ 34 ശതമാനത്തോളം പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങൾക്കാണ് ലഭിച്ചത്. മത്സ്യത്തൊഴിലാളി കുടുംബങ്ങളെ പുനരധിവസിപ്പിക്കുന്ന പുനർഗേഹം പദ്ധതിയിലൂടെ ഇതിനകം 2,300 ഓളം വീടുകൾ നൽകി. 390 ഫ്ളാറ്റുകളും കൈമാറി. 944 എണ്ണത്തിന്റെ നിർമ്മാണം പുരോഗമിക്കുകയാണ്.

ക്ഷേമ പെൻഷനുകൾ ലഭ്യമാക്കാനായി പ്രതിവർഷം 11,000 കോടി രൂപയോളം സംസ്ഥാന സർക്കാർ ചെലവഴിക്കുന്നുണ്ട്. യു ഡി എഫിന്റെ കാലത്ത് 2016 ൽ 34 ലക്ഷം പേർക്ക് 600 രൂപാ നിരക്കിലായിരുന്നു ക്ഷേമ പെൻഷൻ ലഭിച്ചിരുന്നത്. എന്നാൽ, നിലവിൽ എൽ ഡി എഫ് സർക്കാർ 60 ലക്ഷം പേർക്ക് 1,600 രൂപാ വീതം നൽകിവരികയാണ്. ക്ഷേമ പെൻഷനായി 2011-16 ഘട്ടത്തിൽ യു ഡി എഫ് ചെലവഴിച്ചത് 9,000 കോടി രൂപയാണെങ്കിൽ കഴിഞ്ഞ ഒൻപതു വർഷംകൊണ്ട് എൽ ഡി എഫ് സർക്കാറുകൾ ചെലവഴിച്ചത് 72,000 കോടിയോളം രൂപയാണ്.

കേരളത്തിന്റെ ചരിത്രത്തിൽ ഏറ്റവും കൂടുതൽ പട്ടയങ്ങൾ വിതരണം ചെയ്ത സർക്കാരെന്ന അഭിമാനകരമായ നേട്ടം ഈ സർക്കാർ കൈവരിച്ചു. സർക്കാരിന്റെ നാലാം വാർഷികത്തിന്റെ ഭാഗമായി 43,058 പട്ടയങ്ങൾ കൂടി വിതരണം ചെയ്തതോടെ ഈ നാലുവർഷത്തിനുള്ളിൽ 2,23,945 പട്ടയങ്ങളാണ് വിതരണം ചെയ്തത്. കഴിഞ്ഞ എൽ ഡി എഫ് സർക്കാരിന്റെ കാലത്ത് 1,77,011 പട്ടയങ്ങൾ വിതരണം ചെയ്ത റെക്കോർഡാണ് ഈ എൽ ഡി എഫ് സർക്കാർ മറികടന്നിരിക്കുന്നത്.

കഴിഞ്ഞ ഒൻപതു വർഷത്തെ കണക്കെടുത്താൽ 4 ലക്ഷത്തിലധികം കുടുംബങ്ങൾ ഭൂമിയുടെ ഉടമകളായി തീർന്നിരിക്കുന്നു. രാജ്യത്തെ മറ്റൊരു സംസ്ഥാന സർക്കാരിനും അവകാശപ്പെടാനില്ലാത്ത നേട്ടമാണിത്. അടുത്ത ഒരു വർഷംകൊണ്ട് ഒരു ലക്ഷം പട്ടയങ്ങൾ കൂടി വിതരണം ചെയ്യാനാണ് എൽ ഡി എഫ് സർക്കാർ ഉദ്ദേശിക്കുന്നത്. ഭൂരഹിതരില്ലാത്ത കേരളം എന്ന ലക്ഷ്യത്തിലേക്ക് പടിപടിയായി അടുത്തുകൊണ്ടിരിക്കുകയാണ് നാം.

അതിദരിദ്രരില്ലാത്ത ഇന്ത്യയിലെ ആദ്യ സംസ്ഥാനമായി കേരളം മാറിക്കൊണ്ടിരിക്കുകയാണ്. അതിദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതിയുടെ 2025 ഏപ്രിൽ 15-ലെ കണക്കുകൾ പ്രകാരം ആകെ കണ്ടെത്തിയ കുടുംബങ്ങളിൽ 50,401 കുടുംബങ്ങളെ (78.74%) നാളിത് വരെ അതിദാരിദ്ര്യത്തിൽ നിന്ന് മുക്തരാക്കുവാൻ നമുക്കു സാധിച്ചിട്ടുണ്ട്. 2025 നവംബർ 1-ന് മുമ്പ് സംസ്ഥാനത്തെ അതിദാരിദ്ര്യത്തിൽ നിന്ന് പൂർണ്ണമായും മുക്തമാക്കുന്നതിനായി യുദ്ധകാലാടിസ്ഥാനത്തിലുള്ള പ്രവർത്തനങ്ങളാണ് നടത്തി വരുന്നത്. ദാരിദ്ര്യമില്ലാത്ത നവകേരളം എന്ന സ്വപ്നത്തിലേയ്ക്കുള്ള യാത്രയിൽ നമ്മൾ താണ്ടുന്ന സുപ്രധാന നാഴികക്കല്ലുകളിൽ ഒന്നായിയിരിക്കും അതിദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതി.

വിദ്യാഭ്യാസ രംഗത്താകട്ടെ, അടിസ്ഥാനസൗകര്യ രംഗത്തും അക്കാദമിക രംഗത്തും സമാനതകളില്ലാത്ത ഇടപെടലുകളാണ് കഴിഞ്ഞ ഒമ്പതു വർഷമായി സംസ്ഥാന സർക്കാർ നടത്തിവരുന്നത്. സ്കൂളുകളുടെ അടിസ്ഥാനസൗകര്യ വികസനത്തിനായി മാത്രം 5,000 കോടിയോളം രൂപ ഇതിനോടകം അനുവദിച്ചിട്ടുണ്ട്. 5 കോടി രൂപാ ചെലവിൽ 141 സ്കൂൾ കെട്ടിടങ്ങൾ നവീകരിക്കുകയാണ്. അവയിൽ 139 എണ്ണവും പൂർത്തിയായിട്ടുണ്ട്. 3 കോടി രൂപാ ചെലവിൽ 386 സ്കൂൾ കെട്ടിടങ്ങൾ നവീകരിക്കുകയാണ്. അവയിൽ 179 എണ്ണം പൂർത്തിയായിട്ടുണ്ട്. ഒരു കോടി രൂപാ ചെലവിൽ നവീകരിക്കുന്ന 446 സ്കൂൾ കെട്ടിടങ്ങളിൽ 195 എണ്ണം പൂർത്തിയായിട്ടുണ്ട്. അങ്ങനെ ആകെ 973 സ്കൂൾ കെട്ടിടങ്ങൾ അനുവദിച്ചവയിൽ 513 എണ്ണവും പൂർത്തിയാക്കാൻ കഴിഞ്ഞിട്ടുണ്ട്. 50,000ത്തിലധികം ക്ലാസ്മുറികളാണ് ഹൈടെക്കാക്കി മാറ്റിയത്.

സ്കൂളുകളിൽ ടിങ്കറിംഗ് ലാബ്, റോബോട്ടിക് ലാബുകൾ എന്നിവ സജ്ജീകരിച്ചു. അദ്ധ്യാപകർക്കും വിദ്യാർത്ഥികൾക്കും ആർട്ടിഫിഷ്യൽ ഇന്റലിജൻസ് രംഗത്ത് പരിശീലനം നൽകുന്ന ആദ്യ സംസ്ഥാനമായി കേരളം മാറി.

ഉന്നത വിദ്യാഭ്യാസ മേഖലയിലും ഫലപ്രദമായ ഇടപെൽ ഫലം കണ്ടു. നാക് റാങ്കിങ്ങിൽ എംജി, കേരള സർവ്വകലാശാലകൾക്ക് എ ഡബിൾ പ്ലസ് കലിക്കറ്റ്, കുസാറ്റ്, കാലടി സർവ്വകലാശാലകൾക്ക് എ പ്ലസ് ഗ്രേഡും ലഭിച്ചു. കേരളത്തിലെ 28 കോളേജുകൾക്ക് എ ഡബിൾ പ്ലസ് ഗ്രേഡും 49 കോളേജുകൾക്ക് എ പ്ലസ് ഗ്രേഡും ലഭിച്ചു. 82 കോളേജുകൾക്ക് എ ഗ്രേഡുമുണ്ട്. എൻ ഐ ആർ എഫ് റാങ്കിങ്ങിൽ രാജ്യത്തെ മികച്ച 200 കോളേജുകളിൽ 42 എണ്ണവും കേരളത്തിലേതാണ്.

സർവകലാശാലയിലെ ഗവേഷണഫലങ്ങൾ സാമൂഹ്യാവശ്യത്തിന് ഉപയോഗപ്പെടുത്തുന്നതിനായി ട്രാൻസ്ലേഷൻ ലാബുകൾ ആരംഭിച്ചത് എൽഡിഎഫ് സർക്കാരാണ്. നവകേരള പോസ്റ്റ് ഡോക്ടറൽ ഫെലോഷിപ്പുകൾ, കൈരളി റിസർച്ച് അവാർഡുകൾ തുടങ്ങിയവ ഏർപ്പെടുത്തി നാടിനു ഗുണകരമാകുന്ന ഗവേഷണങ്ങളെ പ്രോത്സാഹിപ്പിക്കാനും ശ്രമങ്ങൾ നടക്കുന്നു. അതിനെല്ലാം ഉപരിയായി ഉന്നതവിദ്യാഭ്യാസ കമീഷൻ രൂപീകരിക്കുകയും, അതിന്റെ ശുപാർശകൾ നടപ്പാക്കുകയും ചെയ്തു വരികയാണ്. ഭാവിയിൽ കേരളത്തെ ഒരു വിജ്ഞാന സമ്പദ്‌വ്യവസ്ഥയായി പരിവർത്തിപ്പിക്കാനുള്ള ശ്രമങ്ങളിൽ ഏറ്റവും പ്രധാനമാണ് ഉന്നതവിദ്യാഭ്യാസ മേഖലയുടെ വികസനം.

ശാസ്ത്ര സാങ്കേതികവിദ്യയിലും മികച്ച പുരോഗതി കൈവരിക്കാൻ ഇക്കാലയളവിൽ നമുക്ക് സാധിച്ചിട്ടുണ്ട്. കഴിഞ്ഞ ഏഴര വർഷത്തിനിടയിൽ രാജ്യത്തെ ആദ്യത്തെ ഡിജിറ്റൽ യൂണിവേഴ്സിറ്റി, ഡിജിറ്റൽ സയൻസ് പാർക്ക്, ഗ്രഫീൻ ഇന്നൊവേഷൻ സെന്റർ തുടങ്ങിയവ ഈ സർക്കാരിനു കീഴിൽ യാഥാർത്ഥ്യമായി. ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് അഡ്വാൻസ്ഡ് വൈറോളജിയും യാഥാർത്ഥ്യമാക്കി. ഇന്റർനാഷണൽ ആയുർവേദ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട്, ജീനോം ഡേറ്റാ സെന്റർ, മെഡിക്കൽ ടെക്നോളജി കൺസോർഷ്യം തുടങ്ങിയവ ഒരുക്കുകയാണ്.

പൊതുജനാരോഗ്യ സംവിധാനത്തെ ആധുനിക സംവിധാനങ്ങളോടെ രോഗീസൗഹൃദമാക്കി. സംസ്ഥാനത്തെ 886 പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെയാണ് കുടുംബാരോഗ്യ കേന്ദ്രങ്ങളായി ഉയർത്തുന്നത്. അവയിൽ 674 എണ്ണത്തെ ഇതിനോടകം കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി പരിവർത്തിപ്പിച്ചിട്ടുണ്ട്. അയ്യായിരത്തിലധികം ജനകീയ ആരോഗ്യ കേന്ദ്രങ്ങളും സജ്ജമായി. ജില്ലാ ജനറൽ ആശുപത്രികളിൽ സൂപ്പർ സ്പെഷ്യാലിറ്റി സൗകര്യങ്ങൾ ലഭ്യമാക്കിയിട്ടുണ്ട്. എല്ലാ ജില്ലാ ആശുപത്രികളിലും കാത്ത്ലാബും ഇന്റൻസീവ് കൊറോണറി കെയർ യൂണിറ്റും ആരംഭിച്ചു. താലൂക്ക് ആശുപത്രികളിൽ 44 അധിക ഡയാലിസിസ് യൂണിറ്റുകളാണ് ലഭ്യമാക്കിയത്. നിലവിൽ 83 താലൂക്ക് ആശുപത്രികളിൽ ഡയാലിസിസ് കേന്ദ്രങ്ങൾ സജ്ജമാക്കിയിട്ടുണ്ട്. മെഡിക്കൽ കോളേജുകൾക്കായി പ്രത്യേക മാസ്റ്റർ പ്ലാനുകൾ നടപ്പാക്കുകയാണ്.

കാർഷികരംഗവും വ്യവസായരംഗവും വലിയ തോതിൽ അഭിവൃദ്ധിപ്പെട്ടു. കാർഷിക മേഖല മുൻപില്ലാതിരുന്ന വളർച്ച രേഖപ്പെടുത്തിയ ഭരണകാലമാണിത്. 2016-ൽ 2 ശതമാനമായിരുന്ന കാർഷിക വളർച്ചാ നിരക്ക് ഇന്ന് 4.64 ശതമാനമാണ്. 2016ൽ 1.7 ലക്ഷം ഹെക്ടറിലാണ് നെൽകൃഷി നടന്നിരുന്നതെങ്കിൽ ഇന്നത് രണ്ടര ലക്ഷം ഹെക്ടറിലേക്ക് വർദ്ധിച്ചിരിക്കുന്നു. നെല്ലിന്റെ ഉത്പാദന ക്ഷമത ഹെക്ടറിന് 4.56 ടൺ ആയി വർദ്ധിച്ചു. പച്ചക്കറി ഉത്പാദനം 7 ലക്ഷം മെട്രിക് ടൺ ആയിരുന്നത് 16 ലക്ഷം മെട്രിക് ടണ്ണായി വർദ്ധിച്ചു. കാർഷിക മൂല്യവർദ്ധനവ് ലക്ഷ്യം വെച്ചുള്ള വിവിധ പാർക്കുകൾക്ക് തുടക്കം കുറിച്ചു. രാജ്യത്ത് ആദ്യമായി പച്ചക്കറികൾക്കും പഴങ്ങൾക്കും താങ്ങുവില ഏർപ്പെടുത്തുന്ന സംസ്ഥാനമായും നമ്മൾ മാറി.

അഭൂതപൂർവമായ നേട്ടങ്ങളാണ് വ്യവസായ മേഖലയിൽ കേരളം കൈവരിച്ചത്. 2016-ൽ കേരളത്തിന്റെ വ്യാവസായിക വളർച്ച 12 ശതമാനം ആയിരുന്നത് ഇന്ന് 17 ശതമാനമായി ഉയർന്നു. മാനുഫാക്ചറിംഗ് സെക്ടറിന്റെ സംഭാവന 2016ൽ 9.8% ആയിരുന്നു. ഇന്നത് 14 ശതമാനമാണ്. വ്യവസായങ്ങൾ വരാത്ത സംസ്ഥാനമെന്ന കേരളത്തെ കുറിച്ചുള്ള ദുഷ്പ്രചരണം, ഇന്ന് ആർക്കും അത്ര എളുപ്പത്തിൽ നടത്താൻ കഴിയില്ല. വ്യവസായ സൗഹൃദാന്തരീക്ഷം സൃഷ്ടിക്കുന്നതിൽ കേരളം ഏറെ മുന്നോട്ടുപോയിട്ടുണ്ട്. ഈസ് ഓഫ് ഡൂയിംഗ് ബിസിനസിന്റെ കാര്യത്തിൽ നാം ഒന്നാം സ്ഥാനത്ത് എത്തിയത് പകൽപോലെ തെളിഞ്ഞുനിൽക്കുമ്പോഴും അത് അംഗീകരിക്കാൻ ഇവിടുത്തെ പ്രതിപക്ഷത്തെ ചിലർക്ക് കഴിയുന്നില്ല. സ്റ്റാർട്ടപ്പുകളുടെ കാര്യത്തിൽ വലിയ കുതിച്ചുചാട്ടമാണ് നാം നടത്തിയിരിക്കുന്നത്. കേരളത്തിൽ 6,400 സ്റ്റാർട്ടപ്പുകളിലൂടെ 63,000 തൊഴിലവസരങ്ങൾ സൃഷ്ടിക്കപ്പെട്ടിട്ടുണ്ട്. യു ഡി എഫ് കാലത്ത് 300 സ്റ്റാർട്ടപ്പുകൾ മാത്രമാണുണ്ടായിരുന്നത്. 2016 ൽ സ്റ്റാർട്ടപ്പ് നിക്ഷേപം 50 കോടി രൂപയായിരുന്നത്, ഇപ്പോൾ 6,000 കോടി രൂപയിലെത്തിനിൽക്കുന്നു.

ആർട്ടിഫിഷ്യൽ ഇന്റലിജൻസിനും മെഷീൻ ലേണിങ്ങിനും മേൽക്കൈ വരുന്ന കാലമാണ് ഇനി. അതിനാൽ സാങ്കേതികവിദ്യയിലധിഷ്ഠിതമായ വ്യാവസായിക വളർച്ച ലക്ഷ്യമിട്ടുള്ള പ്രവർത്തനങ്ങളാണ് നാം നടത്തുന്നത്. രാജ്യത്തെ ആദ്യ ജെൻ എ ഐ കോൺക്ലേവിനും റോബോട്ടിക് റൗണ്ട് ടേബിൾ കോൺഫറൻസിനും കേരളം വേദിയായി. കൊച്ചിയിൽ നടന്ന ആഗോള നിക്ഷേപസംഗമത്തിൽ ഒന്നര ലക്ഷം കോടിയോളം രൂപയുടെ നിക്ഷേപങ്ങൾക്കാണ് ധാരണയായത്. അതെല്ലാം നടപ്പാക്കുന്നതിനുള്ള ഫാസ്റ്റ് ട്രാക്ക് സംവിധാനവും ഏർപ്പെടുത്തിയിട്ടുണ്ട്.

നമ്മുടെ സംരംഭക വർഷം പദ്ധതിയെ വ്യവസായ മേഖലയിലെ ബെസ്റ്റ് പ്രാക്ടീസായാണ് ദേശീയ തലത്തിൽ വിലയിരുത്തിയത്. പദ്ധതിയിൽ ഇതുവരെ മൂന്നര ലക്ഷത്തിലേറെ സംരംഭങ്ങൾ ആരംഭിക്കാൻ കഴിഞ്ഞു. 22,500 കോടിയിൽപ്പരം രൂപയുടെ നിക്ഷേപങ്ങൾ ആകർഷിക്കാനും ഏഴര ലക്ഷത്തിലധികം തൊഴിലുകൾ സൃഷ്ടിക്കാനും സാധിച്ചു. കഴിഞ്ഞ ഒൻപത് വർഷം കൊണ്ട് നമ്മുടെ ഐടി കയറ്റുമതി 34,000 കോടി രൂപയിൽ നിന്ന് 90.000 കോടി രൂപയായി ഉയർന്നു. 2016 ൽ എൽ ഡി എഫ് സർക്കാർ അധികാരത്തിൽ വരുമ്പോൾ, സംസ്ഥാനത്തെ 3 ഐടി പാർക്കുകളായ ടെക്നോപാർക്ക്, ഇൻഫോപാർക്ക്, സൈബർപാർക്ക് എന്നിവിടങ്ങളിൽ ആകെ 676 കമ്പനികളും 84,720 ജീവനക്കാരുമാണ് ഉണ്ടായിരുന്നത്. 2023-24 ൽ മൂന്ന് ഐടി പാർക്കുകളിലുമായി 1,153 കമ്പനികളും 1,47,200 ജീവനക്കാരുമുണ്ട്. കഴിഞ്ഞ 7 വർഷക്കാലയളവിൽ 477 കമ്പനികളും 62,480 ജീവനക്കാരും അധികമായി വന്നിട്ടുണ്ട്. അടുത്ത 5 വർഷത്തിനകം അരലക്ഷം പേർക്കുകൂടി ടെക്നോ പാർക്കുകളിൽ തൊഴിൽ ലഭ്യമാകും.

കെ-ഫോൺ പദ്ധതിയിലൂടെ കേരളത്തിലെ എല്ലാ വീടുകളിലും സർക്കാർ ഓഫീസുകളിലും ബ്രോഡ്ബാൻഡ് ഇന്റർനെറ്റ് സൗകര്യം ലഭ്യമാക്കി വരികയാണ്. ആധുനികമായ എല്ലാ കാഴ്ചപ്പാടുകളെയും സ്വാംശീകരിച്ചുമുള്ള വൈജ്ഞാനിക കുതിപ്പാണ് സർക്കാർ ലക്ഷ്യമിടുന്നത്. അതേറ്റവും മികച്ച രീതിയിൽ മുന്നോട്ടു കൊണ്ടുപോകാൻ നമുക്കിന്നു സാധിക്കുന്നു.

കേരളത്തിലാകെ 131 പൊതുമേഖലാ സ്ഥാപനങ്ങളാണ് നിലവിൽ പ്രവർത്തിച്ചുവരുന്നത്. കഴിഞ്ഞ ഒമ്പതു വർഷംകൊണ്ട് ഇവയുടെ പ്രവർത്തനത്തിൽ ഗണ്യമായ പുരോഗതി കൈവരിക്കാൻ നമുക്കു കഴിഞ്ഞിട്ടുണ്ട്. 2016 ൽ 41 പൊതുമേഖലാ സ്ഥാപനങ്ങളാണ് ലാഭത്തിൽ പ്രവർത്തിച്ചിരുന്നതെങ്കിൽ ഇപ്പോഴത് 53 പൊതുമേഖലാ സ്ഥാപനങ്ങളായി ഉയർന്നിരിക്കുകയാണ്. 2016 ൽ അവയുടെ പ്രവർത്തന ലാഭം 584 കോടി രൂപയായിരുന്നെങ്കിൽ ഇപ്പോഴത് 1,913 കോടി രൂപയായി ഉയർന്നിരിക്കുകയാണ്. ഇടതുപക്ഷ ജനാധിപത്യ മുന്നണി പൊതുമേഖലാ സ്ഥാപനങ്ങളോടു കാണിക്കുന്ന സവിശേഷമായ കരുതലിന്റെ ഫലമായാണ് ഈ മുന്നേറ്റം സാധ്യമായിട്ടുള്ളത്.

കേരളത്തിന്റെ സമ്പദ്‌വ്യവസ്ഥയ്ക്കു വലിയ സംഭാവന നൽകുന്ന ടൂറിസം മേഖലയും പുതിയ ഉയരങ്ങളിലേക്ക് കുതിക്കുകയാണ്. കേരളത്തിലേക്കുള്ള വിനോദസഞ്ചാരികളുടെ എണ്ണത്തിൽ വലിയ വർദ്ധനവ് ഉണ്ടായിട്ടുണ്ടെന്നാണ് കണക്കുകൾ സൂചിപ്പിക്കുന്നത്. കഴിഞ്ഞ വർഷം രണ്ടേകാൽ കോടിയോളം ആഭ്യന്തര വിനോദസഞ്ചാരികൾ കേരളത്തിലേക്ക് എത്തിച്ചേർന്നു. ഏഴര ലക്ഷത്തോളം വിദേശ വിനോദസഞ്ചാരികളും കേരളം സന്ദർശിച്ചു. ഇതെല്ലാം സൂചിപ്പിക്കുന്നത് കേരളത്തിലെ ടൂറിസം മേഖലയ്ക്ക് സഞ്ചാരിൾക്കിടയിലുണ്ടാകുന്ന സ്വീകാര്യതയെയാണ്. അഡ്വഞ്ചർ ടൂറിസം, സിനി ടൂറിസം, കാരവൻ ടൂറിസം, ഉത്തരവാദിത്ത ടൂറിസം എന്നിങ്ങനെ പുതുവഴികളിലൂടെ നാം മുന്നേറുകയാണ്.

ഏതൊരു സമൂഹത്തിനും ഏറ്റവും പ്രധാനമാണ് സമാധാനപൂർണമായ ജീവിതം. ഭദ്രമായ ക്രമസമാധാന നിലയും വർഗീയ സംഘർഷങ്ങളോ കലാപങ്ങളോ ഇല്ലാത്ത സമാധാനപൂർണമായ സാമൂഹിക ജീവിതവും കേരളത്തിൽ ഉറപ്പാക്കാനായിട്ടുണ്ട്. സൈബർ കേസുകളുൾപ്പെടെ അന്വേഷിച്ച് പ്രതികളെ നിയമത്തിനു മുമ്പിൽ എത്തിക്കാൻ സാധിക്കുംവിധം മികവുറ്റ ശാസ്ത്രീയ അന്വേഷണ സംവിധാനങ്ങളും കാര്യപ്രാപ്തിയും നമ്മുടെ പൊലീസ് സേനയ്ക്കുണ്ട്.

ലഹരിവിപത്തിനെതിരെ ശക്തമായ പ്രതിരോധമാണ് കേരളം ഉയർത്തുന്നത്. ലഹരിപദാർത്ഥങ്ങളുടെ വിപണനവും സംഭരണവും ഉപയോഗവും തടയാൻ ഓപ്പറേഷൻ ഡി-ഹണ്ട് എന്ന കർമ്മപദ്ധതി കേരള പോലീസ് നടപ്പാക്കിവരികയാണ്. ഡി-ഹണ്ട് ഡ്രൈവിനു സഹായകരമായ ഇന്റലിജൻസ് ഇൻപുട്ട് നൽകുന്നതിനായി ഡ്രഗ് ഇന്റലിജെൻസ് (ഡി - ഇന്റ്) എന്ന സംവിധാനം സംസ്ഥാന സ്പെഷ്യൽ ബ്രാഞ്ചിന്റെ നേതൃത്വത്തിൽ ആവിഷ്കരിച്ചിട്ടുണ്ട്. സംസ്ഥാനതലത്തിൽ കേരള ആന്റി നാർക്കോട്ടിക് സ്പെഷ്യൽ ആക്ഷൻ ഫോഴ്സിന്റെ (ഗഅചടഅഎ) നേതൃത്വത്തിൽ എല്ലാ ജില്ലകളിലും ജില്ലാ പോലീസ് മേധാവിമാരുടെ മേൽനോട്ടത്തിൽ പ്രവർത്തിക്കുന്ന ജില്ലാ ആന്റി നാർക്കോട്ടിക് സെല്ലും (ഉഅചടഅഎ) ലോക്കൽ പോലീസും ശക്തമായ പരിശോധനകളും റെയ്ഡുകളും നടത്തി ലഹരിവസ്തുക്കളുടെ ഉത്പാദനം, വിതരണം, കടത്തിക്കൊണ്ടുപോകൽ, സംഭരണം എന്നിവയിൽ ഏർപ്പെട്ടിരിക്കുന്നവർക്കെതിരെ കർശനമായ നടപടികൾ സ്വീകരിക്കുന്നു.ഇന്ത്യയിൽ ഏറ്റവുമധികം നിയമനങ്ങൾ നടത്തുന്ന പബ്ലിക് സർവ്വീസ് കമ്മീഷനാണ് കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ. പി എസ് സിയിലൂടെ രണ്ടേമുക്കാൽ ലക്ഷത്തിലധികം നിയമനങ്ങൾ നടത്തി. 40,000 ത്തോളം തസ്തികകൾ സൃഷ്ടിച്ചു. കേന്ദ്ര സർവീസിലും പൊതുമേഖലാ സ്ഥാപനങ്ങളിലുമായി ലക്ഷക്കണക്കിനു തസ്തികകൾ ഒഴിഞ്ഞു കിടക്കുമ്പോഴാണ് ഇന്ത്യയിലെ മറ്റൊരു സിവിൽ സർവീസിനും അവകാശപ്പെടാനില്ലാത്ത ഈ നേട്ടം കേരളം കൈവരിച്ചത്. ഭിന്നശേഷിക്കാർക്ക് സർക്കാർ സർവ്വീസിൽ നാല് ശതമാന സംവരണം ഉറപ്പാക്കി.

ഭരണത്തിന്റെ നേട്ടങ്ങൾ ജനങ്ങൾക്ക് പ്രാപ്തമാക്കുന്നതിലും സുതാര്യത ഉറപ്പാക്കുന്നതിലും മാതൃകാപരമായ മാറ്റങ്ങൾ കൊണ്ടുവരാൻ കഴിഞ്ഞു. ജനങ്ങളോടുള്ള പ്രതിബദ്ധതയും ഉത്തരവാദിത്തവും സർക്കാർ ഏറ്റവുമധികം വിലമതിക്കുന്നു. വോട്ട് ചെയ്ത് അധികാരത്തിലെത്തിച്ച ജനങ്ങൾക്ക് സർക്കാർ എന്തു ചെയ്തുവെന്ന് അറിയാനുള്ള അവകാശമുണ്ട്. ഈ കാഴ്ചപ്പാടിലാണ് ഈ സർക്കാർ പ്രോഗ്രസ് റിപ്പോർട്ട് പ്രസിദ്ധപ്പെടുത്തിയത്. പ്രഖ്യാപിച്ച കാര്യങ്ങളിൽ എന്തൊക്കെ, എത്രയൊക്കെ ചെയ്തുവെന്ന് അക്കമിട്ട് പൊതുജനസമക്ഷം സമർപ്പിച്ചു.

സർക്കാർ ഓഫീസുകളിലെ ദൈനംദിന പ്രവർത്തനങ്ങളിൽ സുതാര്യതയും കാര്യക്ഷമതയും ഉറപ്പാക്കുക എന്നതും അതീവപ്രധാനമാണ്. ഇ-ഓഫീസും ഓൺലൈൻ പോർട്ടലുകളും വഴി ഫയൽ നീക്കവും അപേക്ഷ നടപടികളുമെല്ലാം ഓൺലൈൻ ആക്കിയത് വിപ്ലവകരമായ മാറ്റമാണ്. സുതാര്യത ഉറപ്പാക്കുക, നടപടികളിലെ കാലതാമസം ഒഴിവാക്കുക എന്നതിനൊപ്പം അഴിമതി തടയാനുള്ള ശക്തമായ മാർഗം കൂടിയാണിത്. ഏതൊരു പൗരനും അനായാസമായി ഭരണസംവിധാനവുമായി ബന്ധപ്പെടാനും സർട്ടിഫിക്കറ്റ് ഉൾപ്പെടെയുള്ള സേവനങ്ങൾ ലഭിക്കാനുമുള്ള സൗകര്യമാണ് ഇതുവഴി സാധ്യമാക്കുന്നത്.

ഈ നേട്ടങ്ങളെല്ലാം സാധ്യമാകുന്നുവെന്ന് പറയുമ്പോഴും നാം നേരിട്ട വെല്ലുവിളികളും പ്രതിസന്ധികളും ചെറുതൊന്നുമല്ല. ഒരു ഭാഗത്ത് ഓഖിയും 2018 ലെ മഹാപ്രളയവും 2019 ലെ അതിരൂക്ഷ കാലവർഷക്കെടുതിയും കൊവിഡ് മഹാമാരിയും ഏറ്റവുമൊടുവിൽ ചൂരൽമല ഉരുൾപൊട്ടലും വരെയുള്ള പ്രകൃതി ദുരന്തങ്ങൾ. മറ്റൊന്ന് കേന്ദ്രസർക്കാറിന്റെ സമീപനം സൃഷ്ടിച്ച വൈതരണികൾ. കേന്ദ്ര പദ്ധതി വിഹിതങ്ങളിലും നികുതി വരുമാനത്തിലും വരുത്തിയ വെട്ടിക്കുറവുകൾ നമ്മുടെ വരുമാനത്തിൽ കാര്യമായി ഇടിവുണ്ടാക്കി. ആ പ്രതിസന്ധികളെയും മറികടന്ന് മുന്നോട്ടു പോകാനാണ് നാം ശ്രമിക്കുന്നത്. കഴിഞ്ഞ നാല് വർഷത്തെ കണക്കുകളെടുത്തു നോക്കിയാൽ നമ്മുടെ തനതു നികുതി വരുമാനം 47,000 കോടി രൂപയിൽ നിന്ന് 81,000 കോടി രൂപയായി വർദ്ധിച്ചു. ആകെ തനതു വരുമാനമാകട്ടെ 55,000 കോടിയിൽ നിന്ന് 1,04,000 കോടി രൂപയായി വർദ്ധിച്ചു. പൊതുകടവും ആഭ്യന്തര ഉല്പാദനവും തമ്മിലുള്ള അന്തരം 36 ശതമാനത്തിൽ നിന്നും 34 ശതമാനമായി മാറി. എന്നാൽ, കഴിഞ്ഞ സാമ്പത്തിക വർഷം 70 ശതമാനത്തോളം ചെലവുകളും സംസ്ഥാന സർക്കാരാണ് വഹിച്ചത്. ഈ സാമ്പത്തിക വർഷം ആകെ ചെലവുകളുടെ 75 ശതമാനത്തോളം സംസ്ഥാനം വഹിക്കുവേണ്ടി വരും എന്നാണ് കരുതുന്നത്. 2016 ൽ കേരളത്തിന്റെ മൊത്തം ആഭ്യന്തര ഉത്പാദനം ഏകദേശം 5.6 ലക്ഷം കോടി രൂപയായിരുന്നെങ്കിൽ ഇപ്പോഴത് 13.11 ലക്ഷം കോടി രൂപയായി ഉയരുകയാണ്. പ്രതിസന്ധികളിൽ തളരുകയല്ല, അവയെ അവസരങ്ങളാക്കി മുന്നോട്ടു പോവുകയാണ് നാം ചെയ്യുന്നത്.

എൽ ഡി എഫ് സർക്കാരിന് ഇനിയും ഭരണത്തുടർച്ചയുണ്ടാവും എന്ന ഉറപ്പാണ് നാലാം വാർഷികാഘോഷങ്ങളിലേക്ക് എത്തുന്ന ജനസാഗരങ്ങൾ. കേരളം കേവലം ഒരു സംസ്ഥാനത്തിന്റെ പേരു മാത്രമല്ല, അതു നമ്മുടെ മണ്ണും മനസ്സുമാണ്. മലയാളിയുടെ അഭിമാനമാണ് ഈ നാട്. കേരളത്തിന്റെ ദീപശിഖ കൂടുതൽ പ്രകാശത്തോടെ ജ്വലിക്കുകയാണിപ്പോൾ. അത് അണയാതെ കാക്കാൻ, നവകേരളമെന്ന സ്വപ്നം യാഥാർത്ഥ്യമാക്കാൻ എൽ ഡി എഫ് ഭരണം തുടരാൻ ജനങ്ങളും ആഗ്രഹിക്കുകയാണ്. ആ ആഗ്രഹം സർക്കാരിനു നൽകുന്നത് വലിയ ഉത്തരവാദിത്തമാണ്. പ്രതിബദ്ധതയോടെ, വിട്ടുവീഴ്ചയില്ലാതെ അതു നിർവ്വഹിച്ചു സർക്കാർ മുന്നോട്ടു പോകും.

# എൻെറ കേരളം 2025: ഭാവി സാങ്കേതികവിദ്യകളെ തൊട്ടറിയാം

## സ്റ്റാർട്ടപ്പ് സംരംഭങ്ങളുടെ നേർക്കാഴ്ചയുമായി കെഎസ്‌യുഎം പവലിയൻ മേയ് 23 വരെ പൊതുജനങ്ങൾക്ക് സന്ദർശിക്കാം

തിരുവനന്തപുരം: സംസ്ഥാന സർക്കാരിൻെറ നാലാം വാർഷികത്തോടനുബന്ധിച്ച് തിരുവനന്തപുരത്ത് നടക്കുന്ന 'എൻറെ കേരളം 2025' പ്രദർശന വിപണന മേളയിൽ ശ്രദ്ധേയമായി കേരള സ്റ്റാർട്ടപ്പ് മിഷൻെറ (കെഎസ്‌യുഎം) പവലിയൻ. നിർമ്മിതബുദ്ധി, റോബോട്ടിക്സ്, മെഷീൻ ലേണിംഗ് തുടങ്ങിയ അത്യാധുനിക സാങ്കേതികവിദ്യകളെ പൊതുജനങ്ങൾക്ക് അനുഭവവേദ്യമാക്കുന്നതാണ് പവലിയൻ. കനകക്കുന്നിൽ ഒരുക്കിയിട്ടുള്ള പ്രദർശന മേളയിലെ കെഎസ്‌യുഎം പവലിയൻ മേയ് 23 വരെ സന്ദർശിക്കാം. പ്രവേശനം സൗജന്യമാണ്.

ഏറ്റവും പുതിയ സാങ്കേതികവിദ്യകൾ നേരിട്ടറിയാൻ സാധിക്കുന്ന എക്സ്പീരിയൻസ് സെൻററുകളായാണ് കെഎസ്‌യുഎമ്മിൻറെ പവലിയൻ പ്രവർത്തിക്കുന്നത്. നിർമ്മിത ബുദ്ധി, ഓഗ്മെൻറഡ് റിയാലിറ്റി/വെർച്വൽ റിയാലിറ്റി, ത്രീഡി പ്രിൻറിംഗ്, ഡ്രോൺ, റോബോട്ടിക്സ്, ഐഒടി, തുടങ്ങിയ സാങ്കേതികവിദ്യകളുടെ പ്രദർശനമാണ് നടക്കുന്നത്. 'ആൾ ഫോർ കോമൺ പീപ്പിൾ' എന്ന ആശയത്തിലാണ് പവലിയൻ ഒരുക്കിയിട്ടുള്ളത്.

ഭാവിയിലെ സാങ്കേതികവിദ്യകളുടെ പരിവർത്തനാത്മകമായ സ്വാധീനത്തെക്കുറിച്ച് അറിവ് പകരുന്നതാണ് ഈ പവലിയനെന്ന് കെഎസ്‌യുഎം സിഇഒ അനൂപ് അംബിക പറഞ്ഞു. കേരളം ആസ്ഥാനമായുള്ള സ്റ്റാർട്ടപ്പുകളുടെ വൈവിധ്യമാർന്ന ഉൽപ്പന്നങ്ങളും പരിഹാരങ്ങളും തിരിച്ചറിയാനും നിത്യജീവിതത്തിൽ അവയുടെ പ്രയോജനത്തെക്കുറിച്ച് മനസ്സിലാക്കാനും പ്രദർശനം സഹായിക്കുമെന്നും അദ്ദേഹം ചൂണ്ടിക്കാട്ടി.സന്ദർശകർക്ക് കൈകൊടുത്തും ഒപ്പം നടന്നും കൗതുകം ജനിപ്പിക്കുന്ന യുണീക് വേൾഡ് റോബോട്ടിക്സിൻറെ ബെൻ എന്ന റോബോ ടോയ് ഡോഗ്, ഡിസ്പെൻസർ റോബോട്ടുകൾ, ലൈവ് ക്ലേ മോഡലിംഗിൻറെ ഭാഗമായി നിർമ്മിച്ച വസ്തുക്കൾ, ഹോളോഗ്രാം സംവിധാനം ഉപയോഗിച്ചുള്ള കണ്ടൻറ് ഡിസ്പ്ലേ, കാർഷിക മേഖലയുടെ പുരോഗതി മുന്നിൽ കണ്ടുള്ള സ്റ്റാർട്ടപ്പ് സംരംഭമായ ഡ്രോൺ ഫെർട്ടിലൈസർ, ഓട്ടിസം ബാധിച്ച കുട്ടികളുടെ പഠനമികവിന് സഹായകമായ എആർ വിആർ സംവിധാനം, ഇൻററാക്ടീവ് ലേണിംഗ് സാധ്യമാക്കുന്ന മേക്കർ ലാബ് എഡ്യൂടെക് വികസിപ്പിച്ചെടുത്ത രാജ്യത്തെ ആദ്യ ഹ്യൂമനോയിഡ് എഐ റോബോട്ടിക് ടീച്ചറായ ഐറിസ്, സന്ദർശകർക്ക് ചിത്രമെടുക്കാൻ അനുയോജ്യമായ ഓലപ്പുരയുടെ ദൃശ്യഭംഗി തുടങ്ങിയവ കെഎസ്‌യുഎം പവലിയൻറെ സ്വീകാര്യത വർദ്ധിപ്പിക്കുന്നു.

ശബ്ദത്തിലൂടെ വീഡിയോ നിർമ്മാണം, ശബ്ദത്തിലൂടെ ടാക്സി വിളിക്കൽ, പുതുതലമുറ വാക്കുകളുടെ വിശകലനം, എംബ്രൈറ്റ് ടെക്നോളജീസ് വികസിപ്പിച്ചെടുത്ത വിആർ-എയ്ഡഡ് ഗെയിമിംഗ്, മിനി ബോട്ട്, കൃഷി, ഉദ്യാനപാലനം എന്നിവ സാധ്യമാക്കുന്ന ഐഒടി സംവിധാനം, എഐ കാരിക്കേച്ചർ, ഫോട്ടോയിലൂടെ മുഖം തിരിച്ചറിയുന്ന സംവിധാനം തുടങ്ങിയ സാങ്കേതികവിദ്യകൾ പ്രദർശനത്തിൽ ഒരുക്കിയിട്ടുണ്ട്.

കോട്ടയം, ഇടുക്കി, ആലപ്പുഴ, കണ്ണൂർ എന്നിവിടങ്ങളിൽ നടന്ന എൻറെ കേരളം 2025 പ്രദർശന വിപണന മേളയിൽ മികച്ച പവലിയനായി കെഎസ്‌യുഎമ്മിൻറെ പവലിയനുകൾ തിരഞ്ഞെടുക്കപ്പെട്ടിരുന്നു.



തിരുവനന്തപുരം കളക്ടർ അനുകുമാരി കേരള സ്റ്റാർട്ടപ്പ് മിഷൻ പവലിയൻ സന്ദർശിച്ചപ്പോൾ.

# ഓപ്പറേഷൻ സിന്ദൂറുമായി ബന്ധപ്പെട്ട് വിവാദ പരാമർശം; അശോക സർവകലാശാലയിലെ പ്രഫസർ അറസ്റ്റിൽ

ചണ്ഡീഗഢ്: ഓപ്പറേഷൻ സിന്ദൂറുമായി ബന്ധപ്പെട്ട വിവാദ പരാമർശത്തെ തുടർന്ന് ഹരിയാനയിലെ അശോക സർവകലാശാലയിലെ അസോസിയേറ്റ് പ്രഫസർ അറസ്റ്റിൽ.

പ്രഫസർ അലി ഖാൻ മഹ്മൂദാബാദിനെ ഞായറാഴ്ച അറസ്റ്റ് ചെയ്തതായി പോലീസ് അറിയിച്ചു. യുവമോർച്ച നേതാവിന്റെ പരാതിയിലാണ് നടപടി. സോണിപത്തിലെ അശോക സർവകലാശാലയിലെ രാഷ്ട്രമീമാംസ വിഭാഗം മേധാവിയാണ് അറസ്റ്റിലായ പ്രഫസർ.

ഓപ്പറേഷൻ സിന്ദൂറിനെക്കുറിച്ചുള്ള അസോസിയേറ്റ് പ്രഫസറുടെ വിവാദ പരാമർശത്തിന്റെ പേരിൽ ഹരിയാന സംസ്ഥാന വനിതാ കമ്മീഷൻ നോട്ടീസ് അയച്ചതിന് ദിവസങ്ങൾക്ക് ശേഷമാണ് അറസ്റ്റ്.

'ഈ രാജ്യത്തിന്റെ പെൺമക്കളെ - കേണൽ സോഫിയ ഖുറേഷിയെയും വിംഗ് കമാൻഡർ വ്യോമിക സിംഗിനെയും ഞങ്ങൾ അഭിവാദ്യം ചെയ്യുന്നു. പക്ഷേ, പൊളിറ്റിക്കൽ സയൻസ് പഠിപ്പിക്കുന്ന പ്രഫസർ ഉപയോഗിച്ച വാക്കുകൾ... അദ്ദേഹം ഇന്ന് കമ്മീഷന് മുമ്പാകെ ഹാജരായി ഖേദം പ്രകടിപ്പിക്കുമെന്ന് ഞാൻ പ്രതീക്ഷിച്ചു'. - കമ്മീഷൻ ചെയർപേഴ്സൺ രേണു ഭാട്ടിയ പറഞ്ഞു.

മഹ്മൂദാബാദിന്റെ പരാമർശങ്ങളുടെ പ്രാഥമിക അവലോകനത്തിൽ, കേണൽ ഖുറേഷി, വിംഗ് കമാൻഡർ സിംഗ് എന്നിവരുൾപ്പെടെ യൂണിഫോമിലുള്ള സ്ത്രീകളെ അവഹേളിക്കുന്നതും ഇന്ത്യൻ സായുധ സേനയിലെ പ്രഫഷണൽ ഓഫീസർമാർ എന്ന നിലയിലുള്ള അവരുടെ പങ്കിനെ ദുർബലപ്പെടുത്തുന്നതും സംബന്ധിച്ച ആശങ്കകൾ ഉയർന്നിട്ടുണ്ടെന്ന് കമ്മീഷൻ പറഞ്ഞു.

# പരിശീലന സ്ഥാപനങ്ങൾക്ക് അപേക്ഷിക്കാം

കേന്ദ്ര തൊഴിൽ ഉദ്യോഗ മന്ത്രാലയത്തിന്റെ കീഴിൽ പ്രവർത്തിക്കുന്ന ദേശീയ തൊഴിൽ സേവന കേന്ദ്രം പട്ടികജാതി / പട്ടികവർഗക്കാരായ ഉദ്യോഗാർഥികളുടെ തൊഴിൽ സാധ്യത വർദ്ധിപ്പിക്കുന്നതിന് വേണ്ടി തിരുവനന്തപുരത്ത് ജൂലൈ 1ന് ആരംഭിക്കുന്ന ഒരു വർഷത്തെ സൗജന്യ പരിശീലന പരിപാടി നടത്തുന്നതിന് പരിശീലന സ്ഥാപനങ്ങൾക്ക് അപേക്ഷിക്കാം. ടൈപ്പ്റൈറ്റിംഗ്, ഷോർട്ട്ഹാൻഡ്, കമ്പ്യൂട്ടർ, ഇംഗ്ലീഷ്, അരിത്തമാറ്റിക്, ജനറൽനോളഡ് വിഷയങ്ങളിലാണ് പരിശീലനം. കോഴ്സ് നടത്തുന്ന സ്ഥാപനത്തിന് ഒരു കുട്ടിക്ക് പ്രതിമാസം 1,200 രൂപ നിരക്കിലാണ് ഫീസ് നൽകുന്നത്. തിരുവനന്തപുരം ജില്ലയിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളെ മാത്രമാണ് പരിഗണിക്കുന്നത്. കോഴ്സ് നടത്താനുള്ള എല്ലാ സൗകര്യങ്ങളും ഉണ്ടായിരിക്കണം. ഗവഃ അംഗീകൃതവും ഠഅച/ജഅച നമ്പരോടുകൂടിയതും ആദായനികുതി റിട്ടേൺ ഫയൽ ചെയ്യുന്നതും മൂന്നു വർഷമോ അതിലധികമോ മേഖലയിലുള്ള പ്രവർത്തി പരിചയവും കേന്ദ്രസർക്കാരിന്റെ വെബ്പോർട്ടലായ www.ncs.gov.in ൽ രജിസ്റ്റർ ചെയ്തതുമായ സ്ഥാപനങ്ങൾക്ക് അപേക്ഷിക്കാം.

പൂരിപ്പിച്ച അപേക്ഷയോടൊപ്പം മേൽപറഞ്ഞ രേഖകളുടെ കോപ്പിയും അതാതു വിഷയങ്ങൾ കൈകാര്യം ചെയ്യുന്ന അധ്യാപകരുടെ വിശദമായ ബയോഡാറ്റയും സഹിതം "സബ് റീജിയണൽ ഓഫീസർ I/C, നാഷണൽ കരിയർ സർവീസ് സെന്റർ ഫോർ എസ്.സി/ എസ്.ടി, സംഗീത കോളേജിന് സമീപം, തൈക്കാട്, തിരുവനന്തപുരം- 14" എന്ന വിലാസത്തിൽ അയക്കണം. അപേക്ഷ സ്വീകരിക്കുന്ന അവസാന തീയതി മേയ് 29 വൈകിട്ട് 5 മണി. മറ്റു വിവരങ്ങൾക്കും 'National Career Service Centre for SC/STs, Trivandrum' എന്ന ഫെയ്സ്ബുക്ക് പേജ് സന്ദർശിക്കുക. ഫോൺ: 0471-2332113.

# മുല്ലപ്പെരിയാർ ഡാം അറ്റകുറ്റപ്പണി നടത്താനുള്ള ശ്രമം കേരളം നിരന്തരം തടയുന്നുവെന്ന് തമിഴ്നാട്

ന്യൂഡൽഹി: മുല്ലപ്പെരിയാർ അണക്കെട്ടിന്റെ അറ്റകുറ്റപ്പണി നടത്താനുള്ള ശ്രമം കേരളം നിരന്തരം തടയുന്നുവെന്ന് തമിഴ്നാട്. അണക്കെട്ടിൽ അറ്റകുറ്റപ്പണി നടത്തണമെന്ന സുപ്രീം കോടതിയുടെ നിർദേശം കേരളം പാലിക്കുന്നില്ലെന്നും തമിഴ്നാട് സുപ്രീം കോടതിയിൽ പറഞ്ഞു.

മുല്ലപ്പെരിയാർ അണക്കെട്ട് ശക്തിപ്പെടുത്താനാവുന്നില്ലെന്നും സുപ്രീംകോടതിയിൽ സമർപ്പിച്ച മറുപടി സത്യവാംഗ്മൂലത്തിൽ തമിഴ്നാട് പറയുന്നു.

കേരളം ഒരുവഴിക്ക് സുരക്ഷാവാദം ഉയർത്തുന്നു. മറുവഴിക്ക് വാർഷിക അറ്റകുറ്റപ്പണി പോലും തടയുന്നു. മുല്ലപ്പെരിയാർ ഡാം സുരക്ഷിതമാണ്. അറ്റകുറ്റപ്പണി നടത്തി അണക്കെട്ട് ബലപ്പെടുത്തിയാൽ ജലനിരപ്പ് 142 അടിയായി ഉയർത്താനാകുമെന്നും മറുപടി സത്യവാംഗ്മൂലത്തിൽ തമിഴ്നാട് പറഞ്ഞു. മുല്ലപ്പെരിയാർ അണക്കെട്ടുമായി ബന്ധപ്പെട്ട ഉന്നതാധികാരസമിതി റിപ്പോർട്ടിലെ ശിപാർശകൾ നടപ്പാക്കാൻ ഏപ്രിൽ ആറിന് സുപ്രീംകോടതി നിർദേശം നൽകിയിരുന്നു. മേൽനോട്ട സമിതി കോടതിയിൽ സമർപ്പിച്ച റിപ്പോർട്ടിലെ ശിപാർശകൾ നടപ്പാക്കാനാണ് കേരള, തമിഴ്നാട് സർക്കാരുകളോട് സുപ്രീംകോടതി ആവശ്യപ്പെട്ടത്. ഇതുസംബന്ധിച്ച് ഇരു സർക്കാരുകൾക്കും എന്തെങ്കിലും പരാതിയുണ്ടെങ്കിൽ രണ്ടാഴ്ചയ്ക്കുള്ളിൽ അറിയിക്കണമെന്ന് കോടതി നിർദേശിച്ചിരുന്നു.

പുതിയ അണക്കെട്ട് എന്ന ആവശ്യം കേരളം സുപ്രീംകോടതിയിൽ ഉന്നയിച്ചിരുന്നു. എന്നാൽ ഇപ്പോൾ ഉന്നതാധികാര സമിതി മുന്നോട്ടുവച്ചിട്ടുള്ള ശിപാർശകളുമായി മുന്നോട്ടു പോകാനാണ് കോടതി നിർദേശിച്ചത്.

# അജ്ഞാതരുടെ ആക്രമണം; കൊടുംഭീകരൻ സെയ്ഫുള്ള ഖാലിദ് കൊല്ലപ്പെട്ടു

ന്യൂഡൽഹി: ഇന്ത്യയിൽ നടന്ന വിവിധ സ്ഫോടനങ്ങളിൽ പങ്കുള്ള കൊടുംഭീകരൻ സെയ്ഫുള്ള ഖാലിദ് കൊല്ലപ്പെട്ടു. പാക്കിസ്ഥാനിലെ സിന്ധ് പ്രവിശ്യയിൽ അജ്ഞാതരുടെ ആക്രമണത്തിലാണ് ലഷ്കർ ഭീകരനായ സെയ്ഫുള്ള ഖാലിദ് കൊല്ലപ്പെട്ടത്. 2001ൽ രാംപുർ സിആർപിഎഫ് ക്യാമ്പിന് നേരെയുണ്ടായ ആക്രമണം, 2005ൽ ബംഗളൂരുവിലെ ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയൻസിലുണ്ടായ ആക്രമണം, 2006ൽ നാഗ്പുരിലെ ആർഎസ്എസ് കേന്ദ്രകാര്യാലയത്തിന് നേരെ നടന്ന ആക്രമണം എന്നിവയുടെ സൂത്രധാരനാണ് ഇയാൾ.

നേപ്പാൾ കേന്ദ്രീകരിച്ച് പ്രവർത്തിക്കുകയായിരുന്ന സെയ്ഫുള്ള ഖാലിദ് പിന്നീട് പാക്കിസ്ഥാനിലെ വിവിധ സ്ഥലങ്ങളിൽ മാറിമാറി കഴിയുകയായിരുന്നു. രഹസ്യാന്വേഷണ ഏജൻസികൾക്ക് ലഭിച്ച വിവരങ്ങൾ പ്രകാരം അടുത്തിടെയാണ് ഇയാൾ സിന്ധിലെ ബാദിൻ ജില്ലയിലേക്ക് താമസം മാറിയത്. വിനോദ് കുമാർ എന്ന പേരിൽ നേപ്പാളിൽ കഴിഞ്ഞിരുന്ന ഇയാൾ അവിടെ നിന്ന് നഗ്മ ബാനു എന്ന സ്ത്രീയെ വിവാഹം കഴിച്ചിരുന്നു. വ്യാജപേരിൽ നേപ്പാളിൽ കഴിയവെയാണ് ഇയാൾ ഇന്ത്യയിലെ ആക്രമണങ്ങൾ ആസൂത്രണം ചെയ്തത്.

# ഇംഗ്ലീഷ് പ്രീമിയർ ലീഗ്: ആഴ്സണലിന് ജയം

ലണ്ടൻ: ഇംഗ്ലീഷ് പ്രീമിയർ ലീഗ് ഫുട്ബോളിൽ ആഴ്സണലിന് ജയം. ഞായറാഴ്ച നടന്ന മത്സരത്തിൽ ന്യൂകാസിൽ യുണൈറ്റഡിനെ എതിരില്ലാത്ത ഒരു ഗോളിന് തോൽപ്പിച്ചു. എമിറേറ്റ്സ് സ്റ്റേഡിയത്തിൽ നടന്ന മത്സരത്തിൽ ഡെക്ക്ളാൻ റൈസ് ആണ് ആഴ്സണലിനായി ഗോൾ നേടിയത്. 55 ആം മിനിട്ടിലാണ് റൈസ് ഗോൾ കണ്ടെത്തിയത്. വിജയത്തോടെ ആഴ്സണലിന് 71 പോയിൻറായി. ലീഗ് ടേബിളിൽ നിലവിൽ രണ്ടാം സ്ഥാനത്ത് ആണ് ആഴ്സണൽ.

# മെക്സിക്കൻ നാവികസേന പായ്കപ്പൽ ബ്രൂക്‌ലിൻ പാലത്തിലിടിച്ച് രണ്ടു പേർ മരിച്ചു

ന്യൂയോർക്ക്: മെക്സിക്കൻ നാവികസേനയുടെ പായ്ക്കപ്പൽ ന്യൂയോർക്ക് നഗരത്തിലെ ബ്രൂക്‌ലിൻ പാലത്തിലിടിച്ച് രണ്ട് നാവികർ മരിക്കുകയും 19 പേർക്കു പരിക്കേൽക്കുകയും ചെയ്തു. മൂന്നു പാമരങ്ങളുള്ള ക്വാവുടെമോക് എന്ന പരിശീലന കപ്പലാണ് അപകടത്തിൽപ്പെട്ടത്. യന്ത്രഭാഗങ്ങളിലുണ്ടായ തകരാറാണ് കാരണമെന്നു കരുതുന്നു. വൈദ്യുതി അലങ്കാരങ്ങളും കൂറ്റൻ മെക്സിക്കൻ പതാകയും ഘടിപ്പിച്ചിരുന്ന കപ്പലിന്റെ 45 മീറ്റർ ഉയരമുള്ള പാമരങ്ങളാണ് പാലത്തിന്റെ മുകളിൽ തട്ടിയത്. മൂന്നു പാമരങ്ങളും ഒടിഞ്ഞു. പാമരങ്ങളിൽ നിന്നിരുന്ന നാവികർ കപ്പലിന്റെ ഡെക്കിലേക്കു വീണു. തീരത്തോട് ചേർന്ന് സംഭവം വീക്ഷിച്ചിരുന്ന ജനക്കൂട്ടം നിയന്ത്രണം തെറ്റി വരുന്ന കപ്പൽ കണ്ട് ഓടി രക്ഷപ്പെട്ടു. ന്യൂയോർക്കിൽ സൗഹൃദസന്ദർശനം നടത്തിയ കപ്പലിൽ 277 നാവികരുണ്ടായിരുന്നു. ഐസ്‌ലൻഡിലേക്ക് യാത്ര ആരംഭിക്കവേയാണ് അപകടമുണ്ടായത്. 1982ൽ നിർമിച്ച കപ്പലിന് 92 മീറ്റർ നീളമുണ്ട്.

142 വർഷം പഴക്കമുള്ള ബ്രൂക്‌ലിൻ പാലത്തിന് തകരാറുണ്ടായിട്ടില്ല. മാൻഹട്ടണും ബ്രൂക്‌ലിനും തമ്മിൽ ബന്ധിപ്പിക്കുന്ന പാലം പ്രാഥമിക പരിശോധനയ്ക്കു ശേഷം തുറന്നുകൊടുത്തു.

# ജമ്മു കാഷ്മീരിൽ ഭീകരബന്ധമുള്ള രണ്ട് പേർ പിടിയിൽ

ശ്രീനഗർ: ജമ്മു കാഷ്മീരിലെ ഷോപ്പിയാനിൽ ഭീകരബന്ധമുള്ള രണ്ട് പേർ പിടിയിൽ. സിആർപിഎഫും സൈന്യവും സംയുക്ത ഓപ്പറേഷനിൽ ഡികെ പോറ മേഖലയിൽനിന്നാണ് ഇവർ പിടിയിലായത്. രണ്ട് പിസ്റ്റളുകളും നാല് ഗ്രനേഡുമടക്കമുള്ള ആയുധ ശേഖരം ഇവരിൽനിന്ന് കണ്ടെടുത്തു.

സംഭവത്തിൽ കേസെടുത്ത് അന്വേഷണം തുടങ്ങിയതായി പോലീസ് അറിയിച്ചു.

# ഡൽഹിക്കെതിരെ അനായാസ ജയം; ഗുജറാത്ത് പ്ലേ ഓഫിൽ

ന്യൂഡൽഹി: ഐപിഎല്ലിൽ ഡൽഹി ക്യാപിറ്റൽസിനെതിരായ മത്സരത്തിൽ ഗുജറാത്ത് ടൈറ്റൻസിന് അനായാസ ജയം. ഇന്ന് നടന്ന മത്സരത്തിൽ പത്ത് വിക്കറ്റിനാണ് ഗുജറാത്ത് വിജയിച്ചത്. ഇതോടെ ഗുജറാത്ത് ടൈറ്റൻസ് പ്ലേ ഓഫിലെത്തി. ഡൽഹി ഉയർത്തിയ 200 റൺസ് വിജയലക്ഷ്യം ഓരോവർ ബാക്കിനിൽക്കെ ഗുജറാത്ത് മറികടന്നു. സെഞ്ചുറി നേടിയ സായ് സുദർശന്റെയും അർധ സെഞ്ചുറി നേടിയ നായകൻ ശുഭ്മാൻ ഗില്ലിന്റെയും ഗംഭീര ബാറ്റിംഗിന്റെ മികവിലാണ് ഗുജറാത്ത് അനായാസ ജയം സ്വന്തമാക്കിയത്. സായ് സുദർശൻ 108 റൺസാണ് എടുത്തത്. 61 പന്തിൽ 12 ബൗണ്ടറിയും നാല് സിക്സും അടങ്ങുന്നതായിരുന്നു സുദർശന്റെ ഇന്നിംഗ്സ്. 93 റൺസാണ് ശുഭ്മാൻ ഗിൽ എടുത്തത്. 53 പന്തിലാണ് ഗിൽ 93 റൺസെടുത്തത്.

# കുക്കറിൽ രാസലഹരി തയാറാക്കുന്നതിനിടെ വിദേശ യുവതി പിടിയിൽ

മുംബൈ: അസംസ്കൃത രാസവസ്തുക്കൾ ഉപയോഗിച്ച് ഫ്ലാറ്റിൽ രാസലഹരി നിർമിച്ച് വിറ്റിരുന്ന വിദേശ വനിത അറസ്റ്റിൽ. 5.6 കോടി രൂപയുടെ രാസലഹരിയുമായി നൈജീരിയൻ സ്വദേശിനി റീത്ത ഫാത്തി കുറെബൈവു (26) ആണ് മുംബൈയിൽ പിടിയിലായത്. നാലസൊപാര ഈസ്റ്റിലെ പ്രഗതി നഗറിൽ വൻതോതിൽ എംഡിഎംഎ വിൽപന നടക്കുന്നുണ്ടെന്നു രഹസ്യവിവരം ലഭിച്ചതിനെ തുടർന്ന് തുളിഞ്ച് പോലീസ് നടത്തിയ പരിശോധനയിലാണ് ഇവർ പിടിയിലായത്. അന്വേഷണസംഘം ഫ്ലാറ്റിൽ എത്തിയപ്പോൾ റീത്ത പ്രഷർ കുക്കറിൽ രാസലഹരി തയാറാക്കുകയായിരുന്നു.

# കടമെടുപ്പ്; പാക്കിസ്ഥാനുമേൽ ഉപാധികൾ വച്ച് ഐഎംഎഫ്

വാഷിംഗ്ടൺ: സാമ്പത്തിക സഹായം നൽകുന്നതിൽ പാക്കിസ്ഥാനുമേൽ ഉപാധികൾ വച്ച് ഇൻറർനാഷണൽ മോണിറ്ററി ഫണ്ട്. ധനസഹായം നൽകാൻ പാക്കിസ്ഥാനു മുന്നിൽ 11 കർശന ഉപാധികളാണ് ഐഎംഎഫ് മുന്നോട്ടുവച്ചിരിക്കുന്നത്.

വാർഷിക ബജറ്റ് 17,60,000 കോടിയായി ഉയർത്തണമെന്നാണ് പ്രധാന ആവശ്യം. ഈ തുകയിൽ 1,07,000 കോടി വികസന പ്രവർത്തനങ്ങൾക്കായി നീക്കിവയ്ക്കണം തുടങ്ങിയ നിർദേശങ്ങളാണ് നൽകിയിരിക്കുന്നത്. ഇതോടെ ധനസഹായത്തിനായി പാക്കിസ്ഥാനു മുന്നിൽ ഐഎംഎഫ് വയ്ക്കുന്ന ഉപാധികൾ 50 ആയി.

വൈദ്യുതി ബില്ലിനത്തിലെ ബാധ്യത തീർക്കുന്നതിനായി സർചാർജ് വർധന, മൂന്ന് വർഷം പഴക്കമുള്ള ഉപയോഗിച്ച കാറുകളുടെ ഇറക്കുമതിക്ക് നിലവിലുള്ള നിയന്ത്രണങ്ങൾ നീക്കുക എന്നിവയും നിബന്ധനകളിൽ ഉൾപ്പെടുന്നു.

പാക്കിസ്ഥാനിലെ എല്ലാ പ്രവിശ്യകളിലും കൃഷി വരുമാന നികുതി ജൂണിനു മുൻപ് നടപ്പാക്കണം, ഭരണപരമായ നയരൂപീകരണത്തിനു പ്രവർത്തന പദ്ധതി തയാറാക്കണം, ധനകാര്യ മേഖലയുമായി ബന്ധപ്പെട്ട ദീർഘകാല പദ്ധതികളുടെ രൂപരേഖ തയാറാക്കണം.

# ജോ ബൈഡന് കാൻസർ സ്ഥിരീകരിച്ചു

ന്യൂയോർക്ക്: അമേരിക്കൻ മുൻ പ്രസിഡൻറ് ജോ ബൈഡന് കാൻസർ. ഞായറാഴ്ച ജോ ബൈഡന്റെ ഓഫീസ് നൽകിയ പ്രസ്താവനയിൽ ആണ് ഇക്കാര്യം സ്ഥിരീകരിച്ചത്. രോഗലക്ഷണങ്ങൾ കണ്ടതിനെ തുടർന്ന് കഴിഞ്ഞ ആഴ്ചയാണ് ബൈഡൻ ഡോക്ടറെ കണ്ടത്. തുടർന്ന് വെള്ളിയാഴ്ചയാണ് പ്രോസ്റ്റേറ്റ് കാൻസർ രോഗം സ്ഥിരീകരിച്ചത്. കാൻസർ എല്ലുകളിലേക്ക് പടർന്നതായി കണ്ടെത്തിയിട്ടുണ്ട്.വളരെ വേഗത്തിൽ പടരുന്ന വിഭാഗത്തിലുള്ള പ്രോസ്റ്റേറ്റ് കാൻസറാണ ബൈഡന് സ്ഥിരീകരിച്ചിട്ടുള്ളത്. രോഗാവസ്ഥ വിശദമാക്കുന്നതിനായുള്ള ഗ്ലീസൺ സ്കോറിൽ 10 ൽ ഒമ്പതാണ് ബൈഡന്റെ രോഗാവസ്ഥ.

# ഇംഗ്ലീഷ് പ്രീമിയർ ലീഗ്; നോട്ടിംഗ്ഹാം ഫോറസ്റ്റിന് ജയം

ലണ്ടൻ: ഇംഗ്ലീഷ് പ്രീമിയർ ലീഗ് ഫുട്ബോളിൽ നോട്ടിംഗ്ഹാം ഫോറസ്റ്റിന് ജയം. ഇന്ന് നടന്ന മത്സരത്തിൽ വെസ്റ്റ് ഹാമിനെ ഒന്നിനെതിരെ രണ്ട് ഗോളുകൾക്ക് തോൽപ്പിച്ചു. മോർഗൻ ഗിബ്സ്-വൈറ്റും നിക്കോളാ മിലെൻകോവിച്ചുമാണ് നോട്ടിംഗ്ഹാമിനായി ഗോളുകൾ നേടിയത്. ജാറോഡ് ബോവെൻ ആണ് വെസ്റ്റ് ഹാമിനായി ഗോൾ സ്കോർ ചെയ്തത്. വിജയത്തോടെ നോട്ടിംഗ്ഹാമിന് 65 പോയിൻറായി. ലീഗ് ടേബിളിൽ ഏഴാം സ്ഥാനത്താണ് നോട്ടിംഗ്ഹാം.

# സോഫിയ ഖുറേഷിക്കെതിരായ വിദ്വേഷപരാമർശം: ഖേദപ്രകടനം സ്വീകാര്യമല്ലെന്ന് സുപ്രീം കോടതി

ന്യൂഡൽഹി: കേണൽ സോഫിയ ഖുറേഷിക്കെതിരേ വിദ്വേഷ പരാമർശം നടത്തിയ മന്ത്രി വിജയ് ഷായുടെ ഖേദപ്രകടനം സ്വീകാര്യമല്ലെന്ന് സുപ്രീം കോടതി. പൊതുപ്രവർത്തകനും പരിചയസമ്പന്നനായ രാഷ്ട്രീയക്കാരനുമായ വിജയ് വാക്കുകൾ സൂക്ഷിച്ചു പ്രയോഗിക്കണമെന്നും കോടതി നിരീക്ഷിച്ചു. വിദ്വേഷ പരാമർശത്തിൽ തനിക്കെതിരായി എടുത്ത കേസ് റദ്ദാക്കണമെന്ന് ആവശ്യപ്പെട്ടാണ് മന്ത്രി സുപ്രീം കോടതിയെ സമീപിച്ചത്. വിജയ് ഷായുടെ അറസ്റ്റ് സുപ്രീം കോടതി താത്കാലികമായി തടഞ്ഞിട്ടുണ്ട്. അതേസമയം, വിദ്വേഷ പരാമർശത്തിലെ അന്വേഷണത്തിന് സുപ്രീംകോടതി പ്രത്യേക സംഘം രൂപീകരിച്ചു. വനിതാഉദ്യോഗസ്ഥ ഉൾപ്പെടെ മൂന്ന് ഐപിഎസ് ഉദ്യോഗസ്ഥരാണ് അന്വേഷണ സംഘത്തിലുള്ളത്. മേയ് 28നകം അന്വേഷണ പുരോഗതി അറിയിച്ച് റിപ്പോർട്ട് നൽകാനും സുപ്രീംകോടതി നിർദേശം നൽകി.

Edited, Printed, Published & owned by Yesudas William,`Darpan', T.C 76/189 (1), Thoppil Lane, Anayara P.O, Thiruvananthapuram-29. Printed at Prabhatha Vartha Printers, TC. 21/1921, ERA-S-35, Elankam Lane, Nedumcadu. Karamana P.O,Tvpm-695002. e-mail: nauticaltimeskerala@gmail.com, Phone: 0471-2742840, 9446345353.

# ദളിത് യുവതിക്കെതിരായ പോലീസ് ക്രൂരത: റിപ്പോർട്ട് തേടി മന്ത്രി ഒ. ആർ. കേളു

തിരുവനന്തപുരം: ദളിത് യുവതിയെ മോഷണക്കുറ്റം ചുമത്തി മാനസികമായി പീഡിപ്പിച്ചെന്ന പരാതിയിൽ പോലീസിനോട് റിപ്പോർട്ട് തേടി പട്ടികജാതി -പട്ടികവർഗ ക്ഷേമ വകുപ്പ് മന്ത്രി ഒ. ആർ. കേളു. സംഭവത്തിൽ വകുപ്പ്തല അന്വേഷണം നടത്തുന്നുണ്ടെന്നും മന്ത്രി പ്രതികരിച്ചു.

എന്നാൽ, കേസുമായി ബന്ധപ്പെട്ട് യുവതി മുഖ്യമന്ത്രിയുടെ ഓഫീസിൽ പരാതി നൽകാൻ പോയപ്പോൾ അവഗണന നേരിട്ട സംഭവം ശ്രദ്ധയിൽപ്പെട്ടിട്ടില്ലെന്നും മന്ത്രി വ്യക്തമാക്കി. അതേസമയം, യുവതിയുടെ പരാതിയിൽ പേരൂർക്കട എസ്ഐ പ്രസാദിനെ തിരുവനന്തപുരം സിറ്റി പോലീസ് കമ്മീഷണർ സസ്പെൻഡ് ചെയ്തിട്ടുണ്ട്.

സംഭവത്തിൽ സ്പെഷൽ ബ്രാഞ്ച് നൽകിയ അന്വേഷണ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് നടപടി. വിശദമായ അന്വേഷണ റിപ്പോർട്ട് കൻറോൺമെൻറ് അസി. കമ്മീഷർ ഇന്ന് സമർപ്പിക്കും. ഇതിന് ശേഷം തുടർനടപടിയുണ്ടാകുമെന്നും കമ്മീഷണർ അറിയിച്ചു. പനവൂർ ഇരുമരം സ്വദേശിനി ബിന്ദുവാണ് പരാതി ഉന്നയിച്ചത്. മോഷണക്കുറ്റം ആരോപിച്ച് പോലീസ് സ്റ്റേഷനിലെത്തിച്ച ബിന്ദുവിനെ 20 മണിക്കൂറോളം പോലീസ് മാനസികമായി പീഡിപ്പിച്ചെന്നായിരുന്നു പരാതി. കഴിഞ്ഞ ചൊവ്വാഴ്ച വൈകുന്നേരം മൂന്നിന് പേരൂർക്കട പോലീസ് ചോദ്യംചെയ്യാനായി വിളിപ്പിച്ച ബിന്ദുവിനെ വിട്ടയച്ചത് ബുധനാഴ്ച ഉച്ചയ്ക്ക് 12നാണ്.

യുവതി ജോലിക്കുനിന്ന വീട്ടിൽനിന്നു മാല മോഷണംപോയെന്ന പരാതിയിലാണ് ബിന്ദുവിനെ സ്റ്റേഷനിൽ വിളിച്ചുവരുത്തിയത്. പോലീസിനോടു നിരപരാധിയാണെന്നു കരഞ്ഞുപറഞ്ഞിട്ടും വിട്ടയച്ചില്ല. രാത്രി വൈകി പനവൂരിലെ വീട്ടിലെത്തിച്ച് മാലയ്ക്കായി പോലീസ് പരിശോധനയും നടത്തി. തിരിച്ച് വീണ്ടും പേരൂർക്കട സ്റ്റേഷനിലെത്തിച്ചു. കുടിക്കാൻ വെള്ളംപോലും നൽകിയില്ലെന്നും ആരോപിച്ചിരുന്നു.

എന്നാൽ, ആ വീട്ടിൽ നിന്നുതന്നെ നഷ്ടപ്പെട്ടെന്നു കരുതിയ മാല കണ്ടെത്തിയിരുന്നു. ഉടമസ്ഥതന്നെ പിറ്റേന്ന് പോലീസ് സ്റ്റേഷനിൽ എത്തി മാല കിട്ടിയെന്നറിയിച്ചു. ഇതേത്തുടർന്നാണ് ബിന്ദുവിനെ കുറ്റവിമുക്തയാക്കാൻ പോലീസ് തയാറായത്.

# മോഷണക്കുറ്റം ആരോപിച്ച് ദളിത് യുവതിയെ മാനസികമായി പീഡിപ്പിച്ചെന്ന പരാതി: അടിയന്തര റിപ്പോർട്ട് തേടി

തിരുവനന്തപുരം: മോഷണക്കുറ്റം ആരോപിച്ച് ദളിത് യുവതിയെ പോലീസ് സ്റ്റേഷനിൽ വച്ച് മാനസികമായി പീഡിപ്പിച്ചുവെന്ന പരാതിയിൽ സിറ്റി പോലീസ് കമ്മീഷണർ അടിയന്തര റിപ്പോർട്ട് തേടി. കൻറോൺമെൻറ് അസിസ്റ്റൻറ് കമ്മീഷണറോടാണ് സംഭവത്തെക്കുറിച്ച് അന്വേഷിച്ച് റിപ്പോർട്ട് നൽകാൻ കമ്മീഷണർ നിർദേശിച്ചത്.

പേരൂർക്കട പോലീസാണ് ബിന്ദു എന്ന ദളിത് യുവതിയെ മാനസികമായി പീഡിപ്പിച്ചുവെന്ന ആരോപണം നേരിടുന്നത്. വീട്ടുജോലിക്ക് നിന്ന വീട്ടിലെ സ്വർണമാല മോഷ്ടിച്ചെന്നാരോപിച്ച് വീട്ടുടമ നൽകിയ പരാതിയിലാണ് പേരൂർക്കട പോലീസ് 20 മണിക്കൂറിലേറെ നേരം കസ്റ്റഡിയിലെടുത്ത് മാനസികമായി പീഡിപ്പിച്ചതെന്ന് യുവതി മാധ്യമങ്ങളോട് പറഞ്ഞു.

പിന്നീട് കാണാതായെന്ന് പറയുന്ന സ്വർണമാല പരാതിക്കാരിയുടെ വീട്ടിൽ നിന്നും കണ്ടെടുക്കുകയായിരുന്നു. പോലീസ് സ്റ്റേഷനിൽ വച്ച് പോലീസ് തന്നെ മാനസികമായി വിഷമിപ്പിക്കുകയും അപമാനിക്കുകയും ചെയ്തെന്നായിരുന്നു യുവതി വ്യക്തമാക്കിയത്.

മാല മോഷ്ടിച്ചില്ലെന്ന് വിശദമാക്കിയതിന് പിന്നാലെ പെൺമക്കളെയും കേസിൽ കുടുക്കുമെന്ന് ഭീഷണിപ്പെടുത്തി പോലീസുകാർ കുറ്റം സമ്മതിപ്പിക്കുകയായിരുന്നുവെന്നാണ് യുവതി പറയുന്നത്. മണിക്കൂറുകൾ പോലീസ് സ്റ്റേഷനിൽ കഴിയുന്നതിനിടെ വെള്ളം ചോദിച്ചപ്പോൾ ശുചിമുറിയിൽ പോയി കുടിക്കാനായിരുന്നു മറുപടിയെന്നും യുവതി പറയുന്നു.

കഴിഞ്ഞ മാസം 23നാണ് സംഭവം നടന്നത്. ജോലി കഴിഞ്ഞ് മടങ്ങുമ്പോഴാണ് യുവതിയെ പേരൂർക്കട പോലീസ് സ്റ്റേഷനിലേയ്ക്ക് വിളിപ്പിക്കുന്നത്. രാത്രി മുഴുവൻ വളഞ്ഞിട്ടുള്ള ചോദ്യം ചെയ്യൽ സഹിക്കേണ്ടിവന്നുവെന്നും രാവിലെ മാല കിട്ടിയെന്ന് വീട്ടുടമസ്ഥ അറിയിച്ചതോടെയാണ് വിട്ടയച്ചതെന്നും യുവതി പറയുന്നു. യുവതി പോലീസ് കംപ്ലയിൻസ് കമ്മിറ്റിക്ക് പരാതി നൽകിയിട്ടുണ്ട്.

അതേസമയം കള്ളക്കേസിൽ പൊലീസ് പ്രതിയാക്കിയതിനെതിരെ മുഖ്യമന്ത്രിയുടെ ഓഫീസിൽ പരാതി നൽകാൻ പോയപ്പോൾ അവഗണന നേരിട്ടുവെന്നും യുവതി മാധ്യമങ്ങളോടു പറഞ്ഞു. പരാതി നൽകാൻ പോയപ്പോൾ മുഖ്യമന്ത്രിയുടെ ഓഫീസിൽ നിന്ന് പരാതി വായിച്ചുപോലും നോക്കിയില്ലെന്നും മുഖ്യമന്ത്രിയുടെ പൊളിറ്റിക്കൽ സെക്രട്ടറി പി. ശശി പരാതി മേശപ്പുറത്തേക്കിടുകയായിരുന്നുവെന്നും യുവതി മാധ്യമങ്ങളോടു പറഞ്ഞു.

# നെടുമങ്ങാട് മാർക്കറ്റിലെ കൊലപാതകം: മൂന്നു പ്രതികൾ കൂടി അറസ്റ്റിൽ

നെടുമങ്ങാട്: നെടുമങ്ങാട് മാർക്കറ്റിനുള്ളിൽവച്ച് യുവാവിനെ കൊലപ്പെടുത്തിയ കേസിലെ മൂന്നു പ്രതികൾ കൂടി അറസ്റ്റിൽ. കേസിലെ രണ്ടാം പ്രതി നെടുമങ്ങാട് പുളിഞ്ചി സ്വദേശി ജാഫർ(38), നാലാം പ്രതി വാളിക്കോട് പള്ളിവിളാകത്തു മുഹമ്മദ് ഫാറൂഖ്(44)അഞ്ചാം പ്രതി കാട്ടാക്കട കണ്ണൻ എന്ന മഹേഷ്(48)എന്നിവരെയാണ് നെടുമങ്ങാട് പോലീസ് അറസ്റ്റ് ചെയ്തത്. കേസിലെ ഒന്നാം പ്രതി അഴിക്കോട് ഗവ. യുപി സ്കൂളിന് സമീപം താമസിക്കുന്ന നിസാർ(44), മൂന്നാം പ്രതി നെടുമങ്ങാട് പേരുമല സ്വദേശി ഷമീർ(36)എന്നിവരെ നേരത്തെ അറസ്റ്റ് ചെയ്തിരുന്നു. ഈ മാസം 11 ന് രാത്രി 7.45 നാണ് അഴിക്കോട് സ്വദേശി മുഹമ്മദ് ഹാഷിർ(26) നെടുമങ്ങാട് മാർക്കറ്റിനുള്ളിൽ വച്ചു കൊല്ലപ്പെട്ടത്. പ്രതികളും ഹാഷിറും ടൗണിലെ ഒരു ബാറിൽ മദ്യപിക്കുന്നതിനിടയിൽ വാക്കുതർക്കത്തിൽ ഏർപ്പെടുകയും അവിടെവച്ചു പരസ്പരം അടിപിടി നടത്തുകയും ചെയ്തിരുന്നു. തുടർന്ന് നെടുമങ്ങാട് മാർക്കറ്റിനുള്ളിൽ എത്തിയ ഇവർ ഹാഷിറിനെ ഇറച്ചി വെട്ടുന്ന കത്തികൊണ്ട് കുത്തി വീഴ്ത്തുകയായിരുന്നു.

ഹാഷിർ സംഭവസ്ഥലത്തു വച്ചു തന്നെ മരിച്ചു. സംഭവശേഷം ഒരു സുഹൃത്തിന്റെ വീട്ടിൽ ഒളിവിൽ കഴിയുന്നതിനിടയിലാണ് രണ്ട് പ്രതികൾ പിടിയിലായത്. ഞായറാഴ്ച പിടിയിലായ മൂന്നു പ്രതികളും സംഭവശേഷം ഒളിവിൽ പോയി.

ഇവർക്കായി പോലീസ് വിവിധ സ്ഥലങ്ങളിൽ പരിശോധന നടത്തുന്നതിനിടയിലാണ് ഇവർ വയനാട് വൈത്തിരി കാവുമന്തം എന്ന സ്ഥലത്തു മഹേഷിന്റെ ഒരു സുഹൃത്തിന്റെ വീട്ടിൽ താമസിക്കുന്നുണ്ടെന്ന് വിവരം ലഭിച്ചത്. തുടർന്ന് നെടുമങ്ങാട് എസ്എച്ച്ഒ രാജേഷ് കുമാറിന്റെ നേതൃത്വത്തിലുള്ള പോലീസ് സംഘം അവിടെയെത്തി ഇവരെ പിടികൂടുകയായിരുന്നു. ഇവരെ കോടതിയിൽ ഹാജരാക്കി റിമാൻഡ് ചെയ്തു.

# തരൂർ പുതിയ തലങ്ങളിലേയ്ക്ക് പോകുന്നത് പാർട്ടിയെ ചവിട്ടി മെതിച്ചുകൊണ്ടാവരുതെന്ന് തിരുവഞ്ചൂർ

കോട്ടയം: കേന്ദ്രം രൂപീകരിച്ച സർവകക്ഷി പ്രതിനിധി സംഘത്തിലേക്കുള്ള ക്ഷണം സ്വീകരിച്ച കോൺഗ്രസ് എംപി ശശി തരൂരിന് രൂക്ഷവിമർശനം. കെപിസിസി അച്ചടക്ക സമിതി അധ്യക്ഷൻ തിരുവഞ്ചൂർ രാധാകൃഷ്ണനാണ് തരൂരിനെതിരെ വിമർശനവുമായി രംഗത്തെത്തിയിരിക്കുന്നത്.

കോൺഗ്രസ് പാർലമെൻററി പാർട്ടി അംഗമെന്ന നിലയിൽ തരൂർ എല്ലാ കാര്യങ്ങളും പാർട്ടിയെ അറിയിക്കണമെന്ന് തിരുവഞ്ചൂർ പറഞ്ഞു. തരൂർ പാർട്ടിയെ തള്ളിപ്പറഞ്ഞ് മുന്നോട്ട് പോകരുത്. പുതിയ തലങ്ങളിലേയ്ക്ക് പോകുന്നത് പാർട്ടിയെ ചവിട്ടി മെതിച്ചുകൊണ്ടാവരുത്.

തരൂരിന് ഇക്കാര്യങ്ങളെല്ലാം ബോദ്ധ്യപ്പെടണം. കോൺഗ്രസ് പാർട്ടി അംഗമെന്ന നിലയിലെ പ്രാഥമിക ഉത്തരവാദിത്തങ്ങൾ നിറവേറ്റണം. അന്തർദേശീയ തലങ്ങളിലടക്കം പ്രവർത്തിക്കുമ്പോൾ പാർട്ടിയുടെ കൂടി അംഗീകാരം നേടണം.

ഏതുതലം വേണമെങ്കിലും തരൂരിന് പോകാം, പക്ഷേ കോൺഗ്രസിൽ ആയിരിക്കുമ്പോൾ പാർട്ടിക്ക് വിധേയനാകണമെന്നും തിരുവഞ്ചൂർ രാധാകൃഷ്ണൻ വ്യക്തമാക്കി.

പാക്കിസ്ഥാന്റെ അതിർത്തി കടന്നുള്ള ഭീകരപ്രവർത്തനവും അതിനെതിരെയുള്ള ഇന്ത്യയുടെ ഓപ്പറേഷൻ സിന്ദൂറിന്റെ പശ്ചാത്തലവും വിദേശരാജ്യങ്ങൾ സന്ദർശിച്ച് വിശദീകരിക്കാനാണ് തരൂരിന്റെ നേതൃത്വത്തിൽ പ്രതിനിധി സംഘത്തെ നിയോഗിച്ചിരിക്കുന്നത്.

കേന്ദ്രം രൂപീകരിച്ച സർവകക്ഷി പ്രതിനിധി സംഘത്തിലേക്കുള്ള ക്ഷണം താൻ അഭിമാനത്തോടെ സ്വീകരിക്കുന്നു എന്നാണ് ശശി തരൂർ പ്രതികരിച്ചത്.

# തരൂർ ബിജെപിയിലേക്കു പോകുമെന്ന് ആരെങ്കിലും സംശയിച്ചാൽ അവരെ കുറ്റം പറയാനാകില്ല: പി. ജെ. കുര്യൻ

തിരുവനന്തപുരം: വിദേശ രാജ്യങ്ങളിലേക്കുള്ള സർവകക്ഷി പ്രതിനിധി സംഘത്തിലേക്കുള്ള കേന്ദ്ര സർക്കാരിന്റെ ക്ഷണം ശശി തരൂർ സ്വീകരിച്ചത് തെറ്റായിപ്പോയെന്ന് മുതിർന്ന കോൺഗ്രസ് നേതാവ് പി. ജെ. കുര്യൻ. തരൂർ ഇക്കാര്യത്തിൽ പാർട്ടിയുടെ അനുവാദം വാങ്ങണമായിരുന്നെന്ന് പി. ജെ. കുര്യൻ പറഞ്ഞു.

എത്ര വലിയ വിശ്വപൗരൻ ആണെങ്കിലും തരൂരിനെ എംപി ആക്കിയത് കോൺഗ്രസാണ്. ഇത് തരൂർ മറക്കരുത്. ശശി തരൂർ സാമാന്യ മര്യാദ കാട്ടണമായിരുന്നു. അല്ലെങ്കിൽ തരൂർ സ്വതന്ത്രനായി മത്സരിക്കണമായിരുന്നു.

നരേന്ദ്ര മോദി ചെയ്യുന്ന നല്ല കാര്യങ്ങളെ അനുകൂലിച്ച് സംസാരിക്കുന്നത് പോലെ മോദി ചെയ്യുന്ന തെറ്റായ കാര്യങ്ങളും പറയണം. തരൂർ ബിജെപിയിലേക്ക് പോകുമെന്ന് ആരെങ്കിലും സംശയിച്ചാൽ അവരെ കുറ്റം പറയാനാകില്ല.

വിദേശ പ്രതിനിധി സംഘത്തിൽ ഉൾപ്പെടാൻ തരൂർ യോഗ്യനാണ്. തരൂർ വിഷയത്തിൽ പാർട്ടി കേന്ദ്ര നേതൃത്വം ഇടപെട്ട് വിവാദം അവസാനിപ്പിക്കണമായിരുന്നുവെന്നും അദ്ദേഹം വ്യക്തമാക്കി.

## മറ്റു രണ്ടു പേർക്കെതിരേയും നടപടി വേണം: ബിന്ദു

തിരുവനന്തപുരം: മോഷണക്കുറ്റം ആരോപിച്ച് തന്നെ പോലീസ് സ്റ്റേഷനിൽ മാനസിക പീഡനത്തിനിരയാക്കിയ സംഭവത്തിൽ പേരൂർക്കട എസ്ഐ പ്രസാദിനെ സസ്പെൻഡ് ചെയ്ത നടപടിയിൽ സന്തോഷമുണ്ടെന്ന് ബിന്ദു.

സംഭവത്തിൽ തന്നോട് ക്രൂരമായി പെരുമാറിയ മറ്റു രണ്ടു പോലീസുകാർക്കെതിരേയും നടപടി വേണമെന്നും തനിക്ക് നീതി കിട്ടണമെന്നും ബിന്ദു മാധ്യമങ്ങൾക്കു മുന്നിൽ പ്രതികരിച്ചു.

അതിലൊരാൾ പ്രസന്നൻ എന്ന ഉദ്യോഗസ്ഥനാണ്. മറ്റൊരാളുടെ പേര് തനിക്കറിയില്ല.

# കോഴിക്കോടിനെ നടുക്കിയ തീപിടിത്തം; ലക്ഷങ്ങളുടെ നഷ്ടം, തീപിടിത്തത്തിന്റെ കാരണം കണ്ടെത്താൻ ഇന്ന് പരിശോധന

കോഴിക്കോട്: നഗരത്തെ നടുക്കിയ തീപിടിത്തത്തിന്റെ കാരണം കണ്ടെത്താൻ ഇന്ന് പരിശോധന നടത്തും. കെട്ടിടപരിപാലന ചട്ടം പാലിച്ചോ എന്നത് അടക്കം പരിശോധിക്കും. തീപിടിത്തത്തിൽ ലക്ഷങ്ങളുടെ നാശനഷ്ടമാണ് വ്യാപാരികൾക്കുണ്ടായത്.

അതേസമയം അഞ്ചു മണിക്കൂറോളം നീണ്ട പരിശ്രമങ്ങൾക്കൊടുവിലാണ് കോഴിക്കോട് പുതിയ ബസ് സ്റ്റാൻഡിലെ ഷോപ്പിംഗ് കോംപ്ലക്സിലുണ്ടായ തീയണച്ചത്. ജില്ലയിലെയും പുറത്തുനിന്നുമുള്ള മുപ്പതോളം അഗ്നിശമന സേനാ യൂണിറ്റുകളെത്തിയാണ് രാത്രി പത്തരയോടെ തീയണച്ചത്. തീപിടിത്തത്തിന്റെ കാരണം വ്യക്തമല്ലെന്നും തീ അണയ്ക്കാൻ സാധ്യമായതെല്ലാം ചെയ്തുവെന്നും എസ്പി ടി. നാരായണൻ പറഞ്ഞു. ജെസിബി എത്തിച്ച് കെട്ടിടത്തിന്റെ ചില്ല് പൊട്ടിച്ച് വെള്ളം ശക്തിയായി അടിച്ചാണ് തീ പൂർണമായും അണച്ചത്.

തീപിടിത്തത്തെക്കുറിച്ച് അന്വേഷിച്ച് റിപ്പോർട്ട് സമർപ്പിക്കാൻ ജില്ലാ കളക്ടർക്ക് ചീഫ് സെക്രട്ടറി നിർദേശം നൽകി. മുഖ്യമന്ത്രി പിണറായി വിജയന്റെ നിർദേശ പ്രകാരമാണ് അന്വേഷണം. രണ്ട് ദിവസത്തിനുള്ളിൽ അന്വേഷിച്ച് റിപ്പോർട്ട് നൽകാനാണ് ജില്ലാ കളക്ടർക്ക് ചീഫ് സെക്രട്ടറി നൽകിയ നിർദേശം. ഞായറാഴ്ച വൈകുന്നേരം അഞ്ചിനാണ് പുതിയ ബസ്സ്റ്റാൻഡിനു സമീപത്തെ വസ്ത്ര വ്യാപാരശാലയിൽ തീപിടിത്തമുണ്ടായത്.

# ദളിത് യുവതിക്കെതിരായ ക്രൂരത പോലീസ് ഭരണത്തിന്റെ നേർസാക്ഷ്യം: വി.ഡി. സതീശൻ

തിരുവനന്തപുരം: പോലീസ് ക്രൂരതയ്ക്കെതിരെ പരാതി നൽകാനെത്തിയപ്പോൾ അവഗണന നേരിട്ടെന്ന ദളിത് യുവതിയുടെ ആരോപണത്തിൽ പ്രതികരണവുമായി പ്രതിപക്ഷ നേതാവ് വി. ഡി. സതീശൻ.

പോലീസ് സ്റ്റേഷനിൽ പരാതി പറയുന്നവരെ അപമാനിക്കുകയാണെന്നും പോലീസ് ഭരണത്തിന്റെ നേർസാക്ഷ്യമാണ് ദളിത് യുവതിക്കുണ്ടായ സംഭവമെന്നും അദ്ദേഹം കുറ്റപ്പെടുത്തി.

ഒരു ദളിത് യുവതിക്ക് പോലും ഇവിടെ നീതി ലഭിക്കുന്നില്ല. പോലീസ് സ്റ്റേഷനിൽ ചെല്ലുന്നവർക്ക് ക്ലൂസിലെ വെള്ളമാണോ കുടിക്കാൻ കൊടുക്കുന്നതെന്നും വി. ഡി. സതീശൻ ചോദിച്ചു.

# ബോധവത്കരണ ക്ലാസ്

വിവരാവകാശ കമ്മീഷണർ ഡോ. കെ.എം.ദിലീപ് മേയ് 21ന് ഇടുക്കി ഇടമലക്കുടി ഗ്രാമപഞ്ചായത്തിലെ കുടുംബശ്രീ അയൽക്കൂട്ടങ്ങളിലെ അംഗങ്ങൾക്ക് വിവരാവകാശ നിയമത്തെക്കുറിച്ച് രാവിലെ 10 മുതൽ ഉച്ചയ്ക്ക് 1 വരെ ഇടമലക്കുടി ഗവ. എൽ.പി സ്കൂളിൽ ബോധവത്കരണ ക്ലാസ് എടുക്കും. തുടർന്ന് ട്രൈബൽ സെറ്റിൽമെന്റ് കോളനി സന്ദർശിക്കുകയും പഞ്ചായത്തിലെ സർക്കാർ സ്ഥാപനങ്ങളിലെ വകുപ്പ് മേധാവികളുമായി വിവരാവകാശ നിയമം സംബന്ധിച്ച് ആശയവിനിമയം നടത്തുകയും ചെയ്യും.

# ബംഗ്ലാദേശ് ഉത്പന്നങ്ങളുടെ കരമാർഗമുള്ള ഇറക്കുമതി നിയന്ത്രിച്ച് കേന്ദ്രം

ന്യൂഡൽഹി: ബംഗ്ലാദേശിൽ നിന്നുള്ള ഏതാനും ഉത്പന്നങ്ങൾ കരവഴി ഇറക്കുമതി ചെയ്യുന്നത് നിരോധിച്ച് കേന്ദ്രസർക്കാർ. കടൽവഴിയുള്ള ഇറക്കുമതിക്കു നിയന്ത്രണവും പ്രഖ്യാപിച്ചിട്ടുണ്ട്.

കഴിഞ്ഞ മാസം ചില ഇന്ത്യൻ ഉത്പന്നങ്ങൾക്ക് ബംഗ്ലാദേശ് വിലക്ക് ഏർപ്പെടുത്തിയിരുന്നു. ഇതിനു മറുപടിയായാണു നടപടി. റെഡ്മെയ്ഡ് വസ്ത്രങ്ങൾ ഉൾപ്പെടെയാണ് കരമാർഗം ഇറക്കുമതി ചെയ്യുന്നത് നിയന്ത്രിച്ചത്. ഉഭയകക്ഷി വ്യാപാരത്തിൽ സംതുലനം കൊണ്ടുവരികയാണ് ലക്ഷ്യമെന്ന് കേന്ദ്രം വ്യക്തമാക്കി.

ശനിയാഴ്ച വാണിജ്യ മന്ത്രാലയം പ്രസിദ്ധീകരിച്ച വിജ്ഞാപനമനുസരിച്ച് ബംഗ്ലാദേശിൽ നിന്നുള്ള ഇറക്കുമതി മുംബൈയിലെ നവ ശേവ, കോൽക്കത്ത തുറമുഖങ്ങൾ വഴി മാത്രമേ അനുവദിക്കൂ.

വസ്ത്രങ്ങൾ, സംസ്കരിച്ച ഭക്ഷണം, പ്ലാസ്റ്റിക് ഉത്പന്നങ്ങൾ തുടങ്ങിയ പ്രധാനപ്പെട്ട ചരക്കുകൾ തിരഞ്ഞെടുത്ത ഈ രണ്ട് തുറമുഖങ്ങളിലൂടെ മാത്രമേ ഇറക്കുതി ചെയ്യാൻ കഴിയൂ. ഈ ഉത്പന്നങ്ങൾ കരമാർഗം ഇറക്കുമതി ചെയ്യുന്നതിന് പൂർണമായും നിരോധനവുമുണ്ട്.

ഇന്ത്യയിൽ നിന്നുള്ള നിരവധി സാധനങ്ങളുടെ ഇറക്കുമതിക്ക് ബംഗ്ലാദേശ് ഏർപ്പെടുത്തിയ നിയന്ത്രണങ്ങളോടൊപ്പം ചൈനയോടുള്ള അവരുടെ സമീപനവും നിയന്ത്രണം ഏർപ്പെടുത്തുന്നതിനു പിന്നിലുണ്ട്.

## നാലരക്കിലോ കഞ്ചാവുമായി ഒഡിഷ സ്വദേശി പിടിയിൽ

തളിപ്പറമ്പ്: കഞ്ചാവുമായി യുവാവ് പിടിയിൽ. കണ്ണൂർ തളിപ്പറമ്പിൽ ആണ് സംഭവം. ഒഡീഷ സ്വദേശി കിംഗ് നായക് ആണ് പിടിയിലായത്. നാലരക്കിലോ കഞ്ചാവുമായാണ് പ്രതിയെ പിടികൂടിയത്. ഇയാൾ ഓടിച്ച ബൈക്കും കസ്റ്റഡിയിലെടുത്തിട്ടുണ്ട്. പ്രതിയെ കോടതിയിൽ ഹാജരാക്കി റിമാൻഡ് ചെയ്തു.

# അഭിമുഖം

കേരള വന ഗവേഷണ സ്ഥാപനത്തിൽ ആറുമാസം വരെ കാലാവധിയുള്ള ഫിനാൻസ് ഓഫിസറുടെ താത്കാലിക ഒഴിവിലേക്ക് മേയ് 28ന് രാവിലെ 10ന് കേരള വനഗവേഷണ സ്ഥാപനത്തിന്റെ തൃശൂർ പീച്ചിയിലുള്ള ഓഫീസിൽ അഭിമുഖം നടക്കും. വിശദവിവരങ്ങൾക്ക്: www.kfri.res.in

# അബ്കാരി ക്ഷേമനിധി ബോർഡിന്റെ വിദ്യാഭ്യാസ പുരസ്കാരങ്ങൾ വിതരണം ചെയ്തു

കേരള അബ്കാരി ക്ഷേമനിധി ബോർഡിൽ അംഗങ്ങളായ തൊഴിലാളികളുടെ മക്കളിൽ 2022-23 അധ്യയന വർഷം ഉന്നത വിജയം നേടിയവർക്കുള്ള പുരസ്കാര വിതരണത്തിന്റെ സംസ്ഥാനതല ഉദ്ഘാടനം തിരുവനന്തപുരത്ത് നടന്നു. തൈക്കാട് പൊതുമരാമത്ത് വകുപ്പിന്റെ റസ്റ്റ് ഹൗസ് കോൺഫറൻസ് ഹാളിൽ ആന്റണി രാജു എം എൽ എ ഉദ്ഘാടനം ചെയ്തു.

വിദ്യാഭ്യാസ സ്കോളർഷിപ്പ്, ലാപ്ടോപ്, സ്വർണ നാണയം എന്നിവയാണ് പുരസ്കാരങ്ങൾ. അബ്കാരി തൊഴിലാളി ക്ഷേമനിധി ബോർഡ് ചെയർമാൻ കെ എസ് സുനിൽകുമാർ അധ്യക്ഷത വഹിച്ചു. ബോർഡ് ഡയരക്ടർമാരായ വി വി ആന്റണി, ബാബു ജോർജ്, എസ് ജയകുമാരൻ നായർ, ചീഫ് വെൽഫെയർ ഫണ്ട് ഇൻസ്പെക്ടർ ബിച്ചു ബാലൻ എന്നിവർ പങ്കെടുത്തു.

# ജൂനിയർ അഭിഭാഷകയെ മർദിച്ച കേസ്; അഡ്വ. ബെയ്‌ലിൻ ദാസിന് ജാമ്യം

തിരുവനന്തപുരം: ജൂനിയർ അഭിഭാഷകയെ മർദിച്ച കേസിൽ പ്രതിയായ അഡ്വ. ബെയ്‌ലിൻ ദാസിന് ജാമ്യം. തിരുവനന്തപുരം ജുഡീഷ്യൽ ഫസ്റ്റ് ക്ലാസ് മജിസ്ട്രേറ്റ് 12-ാം കോടതിയാണ് ഉപാധികളോടെ ജാമ്യം അനുവദിച്ചത്.

ഗൗരവമുള്ള കുറ്റകൃത്യം ചെയ്ത പ്രതിക്ക് ജാമ്യം നൽകരുതെന്നായിരുന്നു പ്രോസിക്യൂഷന്റെ വാദം. പ്രതിക്ക് ജാമ്യം ലഭിച്ചാൽ പ്രാഥമിക ഘട്ടത്തിലുള്ള അന്വേഷണം അട്ടിമറിക്കാൻ ഇടയുണ്ടെന്നും പ്രോസിക്യൂഷൻ വാദിച്ചിരുന്നു.

എന്നാൽ ജൂനിയർ അഭിഭാഷകയാണ് പ്രകോപനമുണ്ടാക്കിയതെന്നും ഓഫീസിനുള്ളിൽ നടന്ന നിസാര സംഭവത്തെ പാർവതീകരിക്കുകയാണെന്നും പ്രതിഭാഗം വാദിച്ചു. എന്ത് ഉപാധികളോടെയും ജാമ്യം അനുവദിക്കണമെന്ന പ്രതിഭാഗത്തിന്റെ വാദം കോടതി അംഗീകരിക്കുകയായിരുന്നു.

കഴിഞ്ഞ മെയ് 13 നായിരുന്നു കേസിനാസ്പദമായ സംഭവം. യുവ അഭിഭാഷകയായ ശ്യാമിലിയെ ബെയിലിൻ ദാസ് മർദിച്ചെന്നായിരുന്നു പരാതി. സ്ത്രീത്വത്തെ അപമാനിക്കൽ, ശാരീരിക ഉപദ്രവം തുടങ്ങിയ വകുപ്പുകൾ ചുമത്തിയാണ് കേസെടുത്തിരുന്നത്. കഴിഞ്ഞ വെള്ളിയാഴ്ച 14 ദിവസത്തേക്ക് കോടതി റിമാൻഡ് ചെയ്ത പ്രതി നിലവിൽ പൂജപ്പുര ജയിലിലാണ

# കെഎസ്ആർടിസി ബസും കാറും പിക്കപ്പ് വാനും കൂട്ടിയിടിച്ച് അപകടം; സ്ത്രീ മരിച്ചു

ആലപ്പുഴ: ഹരിപ്പാട് കെഎസ്ആർടിസി ബസും കാറും പിക്കപ്പ് വാനും കൂട്ടിയിടിച്ചുണ്ടായ അപകടത്തിൽ സ്ത്രീ മരിച്ചു. കാർ യാത്രക്കാരിയാണ് മരിച്ചത്. ഇവരുടെ പേരുവിവരങ്ങൾ ലഭ്യമായിട്ടില്ല. അപകടത്തിൽ മൂന്ന് പേർക്ക് പരിക്കേറ്റു. ഹരിപ്പാട് കരുവാറ്റയിൽ ഇന്ന് രാവിലെയാണ് സംഭവം. പരിക്കേറ്റ എല്ലാവരെയും ആലപ്പുഴ വണ്ടാനം മെഡിക്കൽ കോളജ് ആശുപത്രിയിൽ പ്രവേശിപ്പിച്ചു.

എറണാകുളം ഭാഗത്തേക്ക് പോവുകയായിരുന്ന കെഎസ്ആർടിസി ബസ് നിയന്ത്രണം തെറ്റി കൊല്ലം ഭാഗത്തേക്ക് വരികയായിരുന്ന കാറിനെയും പിക്കപ്പ് വാനിനെയും വന്ന് ഇടിക്കുകയായിരുന്നു. കാറിന്റെ ഇടത് ഭാഗം പൂർണമായി തകർന്നു. ഈ ഭാഗത്ത് ഇരുന്ന സ്ത്രീയാണ് മരിച്ചത്. പരാതി വാങ്ങി മേശപ്പുറത്തിട്ടു; മുഖ്യമന്ത്രിയുടെ ഓഫീസിനെതിരേ ഗുരുതര ആരോപണവുമായി ദളിത് യുവതി

# വീടിന് തീകൊളുത്തിയ ശേഷം ഗൃഹനാഥൻ ജീവനൊടുക്കി

കൊച്ചി: എറണാകുളം ചമ്പക്കരയിൽ വീടിന് തീകൊളുത്തിയ ശേഷം ഗൃഹനാഥൻ ജീവനൊടുക്കി. പെരിക്കാട് പ്രകാശൻ ആണ് മരിച്ചത്. പൊള്ളലേറ്റ ഇയാളുടെ മകനെ ആശുപത്രിയിലേക്ക് മാറ്റി. പരിക്ക് ഗുരുതരമല്ലെന്നാണ് വിവരം. ഇന്ന് രാവിലെ അഞ്ചോടെയാണ് സംഭവം. വീടിന് തീകൊളുത്തിയ ശേഷം പ്രകാശൻ വീടിന് പിന്നിൽ പോയി തൂങ്ങിമരിക്കുകയായിരുന്നു.

ഇതോടെ വീടിനുള്ളിൽ കിടന്നുറങ്ങുകയായിരുന്ന മകന് പൊള്ളലേറ്റു. ഇവർ വാടകയ്ക്ക് താമസിക്കുന്ന വീട്ടിലാണ് തീകൊളുത്തിയത്. സമീപത്തു വാടകയ്ക്ക് താമസിക്കുന്ന മറ്റുള്ളവർ ചേർന്നാണ് തീയണച്ചത്. കുടുംബപ്രശ്നങ്ങളാണ് സംഭത്തിലേക്ക് നയിച്ചതെന്ന് പോലീസ് പറഞ്ഞു.

# വിജ്ഞാപനം പ്രസിദ്ധീകരിച്ചു

ജൂൺ 22ന് നടക്കുന്ന മലയാളം മിഷൻ നീലക്കുറിഞ്ഞി സീനിയർ ഹയർ ഡിപ്ലോമ കോഴ്സിന്റെ പരീക്ഷാ വിജ്ഞാപനം പ്രസിദ്ധീകരിച്ചു. വിശദമായ വിജ്ഞാപനം pareekshabhavan.kerala.gov.in ൽ ലഭ്യമാണ്.